# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വെള്ളറട ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

**2020-2021**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി2/ 1647 /2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 18/12/2021
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വെള്ളറട ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി2/ 1647 /2021 തീയ്യതി: 18/12/2021

## തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

**(1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2020 മുതൽ 31-03-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 1 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി. ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹയർഗ്രേഡ്) | 08-09-2021 | 28-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 08-09-2021 | 28-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.പ്രതാപ്കുമാർ.ആർ , ഓഡിറ്റ് ഓഫീസർ (ഹയർഗ്രേഡ്)
ശ്രീ.അനിൽകുമാർ.ആർ , അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജസ്റ്റിൻരാജ്.ടി.എസ്, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.അൻവർരാജ്.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ദിലീപ്കുമാർ.കെ.എൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.രാജു.എസ്, ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീമതി.എം.ശോഭകുമാരി.എം | പ്രസിഡന്റ് | 01-04-2020 | 20-11-2020 |
| ശ്രീ.രാജ്മോഹൻ.എം | പ്രസിഡന്റ് | 21-11-2020 | 31-03-2021 |
| ശ്രീ. അനിൽകുമാർ.ആർ.എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. അനിൽകുമാർ.ആർ.എസ് | സെക്രട്ടറി | 01-04-2020 | 31-03-2021 |

| | | | |
|---|---|---|---|
| ശ്രീമതി.ജലജകുമാരി.വി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീ.ശ്രീരാഗ് | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2020 | 31-03-2021 |
| ശ്രീ.സുനിൽ | മെഡിക്കൽഓഫീസർ(അലോപ്പതി) | 01-04-2020 | 31-03-2021 |
| ശ്രീമതി.രാഖി | മെഡിക്കൽഓഫീസർ(ആയുർവേദം) | 01-04-2020 | 10-02-2021 |
| ശ്രീമതി.ശാലിനി | മെഡിക്കൽഓഫീസർ(ആയുർവേദം) | 11-02-2020 | 31-03-2021 |
| ശ്രീ.ബൈജു.എസ് | വെറ്റിനറി സർജൻ | 01-04-2020 | 25-09-2020 |
| ശ്രീമതി.ജെസ്ന | വെറ്റിനറി സർജൻ | 26-09-2020 | 01-02-2021 |
| ശ്രീമതി.ദിവ്യ | വെറ്റിനറി സർജൻ | 02-02-2021 | 31-03-2021 |
| ശ്രീമതി.ജയശ്രീ.കെ | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 31-05-2020 |
| ശ്രീമതി.സുമ.എസ്.പി | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 01-06-2020 | 15-02-2021 |
| ശ്രീമതി.സിംന | ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 16-02-2021 | 31-03-2021 |
| ശ്രീമതി.സ്മിത ഗോപൻ | ഫിഷറി ഓഫീസർ | 01-04-2020 | 02-11-2020 |
| ശ്രീ.സജീവ്കുമാർ.എ.ആർ | ഫിഷറി ഓഫീസർ | 02-11-2020 | 31-03-2021 |
| ശ്രീമതി.പാർവ്വതി | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2020 | 04-06-2020 |
| ശ്രീമതി.മഞ്ജു | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 04-06-2020 | 31-03-2021 |
| ശ്രീ.സാം ഡേവിഡ് | ഹെഡ്മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീ.ബൈജു | കൃഷിഓഫീസർ | 01-04-2020 | 31-05-2021 |
| ശ്രീ.ഷിബു വിൽസൻ | വി.ഇ.ഒ (സി സർക്കിൾ) | 01-04-2020 | 31-03-2021 |
| ശ്രീ.വിനി.ജോസഫ് | വി.ഇ.ഒ (ബി സർക്കിൾ) | 01-04-2020 | 31-03-2021 |

**ഉള്ളടക്കം**


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-2 |
| 3 | വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-2-1 |
| 4 | ഗ്രാന്റ് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 21-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-3 |
| 5 | പദ്ധതി അവലോകനം<br>Written By: Prathap Kumar R (Audit Officer (HG), On 29-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-4 |
| 6 | തൊഴിലുറപ്പ് പദ്ധതി<br>Written By: Dileep Kumar K N (Senior Grade Auditor, On 21-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-5 |
| 7 | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചുള്ള പൊതുവായ അപാകതകൾ<br>Written By: Dileep Kumar K N (Senior Grade Auditor, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-5-1 |
| 8 | ക്ഷേമപദ്ധതികൾ<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-6 |
| 9 | നടപടിക്രമങ്ങളിലെ കാലതാമസം; പെൻഷൻ നിശ്ചിത സമയത്തിനുള്ളിൽ അനുവദിക്കാൻ കഴിയുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-6-1 |
| 10 | പെൻഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-6-2 |
| 11 | മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നതിലൂടെ സർക്കാരിന് ധനനഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-6-3 |
| 12 | പണം നീക്കിയിരിപ്പ് പരിശോധന<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-7 |
| 13 | ആഭ്യന്തരനിയന്ത്രണം<br>Written By: Prathap Kumar R (Audit Officer (HG), On 29-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-8 |
| 14 | മറ്റ് ഓഡിറ്റുകൾ നടത്തിയവിവരം<br>Written By: Prathap Kumar R (Audit Officer (HG), On 21-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-9 |
| 15 | രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-10 |
| 16 | ലൈസൻസ് നൽകൽ കാര്യക്ഷമമല്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-11 |
| 17 | കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-11-1 |
| 18 | റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-11-2 |
| 19 | വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-12 |
| 20 | തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-13 |
| 21 | ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-13-1 |
| 22 | | 1-13-2 |

| | | |
|---|---|---|
| | തൊഴിൽ നികുതി ഈടാക്കിയതിലെ കുറവു കാരണം വരുമാന നഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | |
| 23 | തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-13-3 |
| 24 | സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-13-4 |
| 25 | മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-14 |
| 26 | കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-15 |
| 27 | പോസ്റ്റ് ഓഫീസ് വാടക രഹിതമായി പ്രവർത്തിക്കുന്നു<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-12-2021) | 1-16 |
| 28 | കടമുറികൾ വാടകയ്ക്കു നൽകാൻ കഴിയാത്തതിനാൽ വരുമാന നഷ്ടം<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-17 |
| 29 | യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാൽ മുറി വാടകയ്ക്കു നൽകുവാൻ കഴിയുന്നില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-18 |
| 30 | വാടകയിൽ ഇളവ് അനുവദിച്ചു<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-19 |
| 31 | കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-20 |
| 32 | പെർമിറ്റ് അപേക്ഷകളിൽ അപേക്ഷഫീസ് ഈടാക്കിയിട്ടില്ല<br>Written By: Raju. S (Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-21 |
| 33 | ദുരിതാശ്വാസ നിധി നിർജീവം -പ്രവർത്തനം വിപുലമാക്കേണ്ടതാണ്.<br>Written By: Raju. S (Auditor, On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-22 |
| 34 | വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക 38,60,721/- തടസ്സപ്പെടുത്തുന്നു<br>Written By: Prathap Kumar R (Audit Officer (HG), On 05-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-12-2021) | 1-23 |
| 35 | വാഹന പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-24 |
| 36 | ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ<br>Written By: Justin Raj T.S (Senior Grade Auditor, On 03-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-25 |
| 37 | മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ- അപാകത<br>Written By: Prathap Kumar R (Audit Officer (HG), On 05-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-26 |
| 38 | കരാറുടമ്പടി വയ്ക്കാൻ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-27 |
| 39 | ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല<br>Written By: Dileep Kumar K N (Senior Grade Auditor, On 06-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-28 |
| 40 | കാർഷിക മേഖല-ഫയൽ കൈകാര്യം കാര്യക്ഷമമാക്കേണ്ടതാണ്<br>Written By: Raju. S (Auditor, On 04-10-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 1-29 |
| 41 | സ്നേഹസ്പർശം - സ്റ്റോക്ക് രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല<br>Written By: Anwar Raj.M (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-12-2021) | 1-30 |
| 42 | ആയുർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - കരാർ ലംഘിച്ച് മരുന്നുകൾ വൈകി വിതരണം ചെയ്ത<br>Written By: Anwar Raj.M (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 1-31 |
| 43 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു<br>Written By: Anwar Raj.M (Senior Grade Auditor, On 30-09-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-12-2021) | 1-32 |

| | | |
|---|---|---|
| 44 | ഓഡിറ്റ് ഖണ്ഡികകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.<br>Written By: Raju. S (Auditor, On 04-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 30-11-2021) | 1-33 |
| **ഭാഗം 2** | | |
| --- No Records Found --- | | |
| **ഭാഗം 3** | | |
| --- No Records Found --- | | |
| **ഭാഗം 4** | | |
| 1 | സാമ്പത്തികനില<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Rajeevan Chellan (Office Superintendent, On 15-12-2021) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: AnilKumar R (Senior Grade Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 01-12-2021) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ്<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 4-4 |
| 5 | വായ്പ/വായ്പ തിരിച്ചടവ്<br>Written By: AnilKumar R (Senior Grade Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 4-5 |
| 6 | സ്ഥിരനിക്ഷേപങ്ങൾ<br>Written By: AnilKumar R (Senior Grade Auditor, On 07-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട് ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: K Sreeja (Deputy Director, On 18-12-2021) | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: AnilKumar R (Senior Grade Auditor, On 08-10-2021)<br>Last Updated By: Prathap Rajan R.G (Computer Assistant, On 29-11-2021) | 4-10 |
| **അനുബന്ധം** | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

## ഭാഗം -1

### 1-1 ബജറ്റ്

**31.03.2020 ലെ 1(1) നമ്പർ തീരുമാനപ്രകാരം 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് അംഗീകരിച്ചു. മുന്നിരിപ്പുൾപ്പെടെയുള്ള പ്രതീക്ഷിത വരവ് 704335657 /-രൂപയും പ്രതീക്ഷിത ചെലവ് 699359380/-രൂപയുമാണ്. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 19.02.2021-ലെ നമ്പർ തീരുമാന പ്രകാരം ഭരണസമിതി അംഗീകരിച്ചിട്ടുണ്ട്.**

ബജറ്റ് തയ്യാറാക്കിയതിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

(എ)ബജറ്റിൽ വകയിരുത്താതെ തുക ചെലവഴിച്ചു.

1994 ലെ കേരള പഞ്ചായത്ത്രാജ് നിയമം, വകുപ്പ് 214(5) പ്രകാരം ബജറ്റിൽ ഉൾപ്പെടാത്ത തുക ചെലവഴിക്കുന്നുണ്ടെങ്കിൽ അനുബന്ധ ബജറ്റ്/ പരിഷ്കരിച്ച ബജറ്റ് അവതരിപ്പിക്കേണ്ടതും തൊട്ടടുത്ത ഗ്രാമപഞ്ചായത്ത് യോഗത്തിൽ അംഗീകരിക്കേണ്ടതുമാണ്. എന്നാൽ ബജറ്റിൽ ഉൾപ്പെടാത്ത താഴെപ്പറയുന്ന ഇനങ്ങൾക്ക് മേൽ നടപടിക്രമങ്ങൾ പാലിക്കാതെ ചെലവ് നടത്തിയിട്ടുണ്ട്.

| ക്രമ നം | ഇനം | ബഡ്ജറ്റ് ഹെഡ് കോഡ് | ബജറ്റ് പ്രകാരമുള്ള തുക | എ.എഫ്.എസ്. പ്രകാരമുള്ള തുക |
|---|---|---|---|---|
| 1 | വാടക | 2201001 | 16000 | 0 |
| 2 | പ്രിന്റിംഗ് &സ്റ്റേഷനറി | 2202101 | 500000 | 619259 |
| 3 | സംരക്ഷണവും അറ്റകുറ്റപണികളും-മറ്റ് സ്ഥിരം ആസ്തികൾ | 2305099 | 100000 | 1867952 |
| 4 | കൃഷിയും അനുബന്ധമേഖലകളും-മറ്റ് വിളകൾ | 2501002 | 50000 | 880750 |
| 5 | ക്ഷീരവികസനം -സംഭരണവും വിപണനവും | 2501046 | 1200000 | 3556398 |
| 6 | ഉൾനാടൻ മത്സ്യകൃഷി | 2501052 | 0 | 277266 |
| 7 | സ്പോർട്സ് | 2511007 | 0 | 149026 |
| 8 | വിദ്യാഭ്യാസ അനുബന്ധപ്രവർത്തനങ്ങൾ | 2511013 | 250000 | 2000000 |
| 9 | ഹെൽത്ത് സെന്ററുകൾ, ആശുപത്രികൾ, ഡിസ്പെൻസറികൾ | 2512001 | 0 | 1794800 |
| 10 | പ്രത്യേകആരോഗ്യപരിപാടി | 2512003 | 0 | 1141132 |

(ബി) 2019-20 സാമ്പത്തിക വർഷത്തെ ബജറ്റിൽ/ പരിഷ്കരിച്ച ബജറ്റിൽ വകയിരുത്തിയ വിവിധ ഇനങ്ങളിൽ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

ഉദാഹരണങ്ങൾ ചുവടെ.

| ക്രമനം | ഇനം | ബഡ്ജറ്റ് ഹെഡ്കോഡ് | ബജറ്റിൽ വകയിരുത്തിയ തുക | ധനകാര്യപത്രിക പ്രകാരം ചെലവ് |
|---|---|---|---|---|
| 1 | സംരക്ഷണവും അറ്റകുറ്റപ്പണികളും-ലെയിനുകൾ | 2305003 | 300000 | 0 |
| 2 | സംരക്ഷണവും അറ്റകുറ്റപ്പണികളും-മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ | 2305008 | 100000 | 0 |
| 3 | കൃഷിയും അനുബന്ധമേഖലകളും-നെൽ കൃഷി | 2501001 | 42334 | 0 |
| 4 | കൃഷിയും അനുബന്ധമേഖലകളും-ക്ഷീരവികസനം | 2501005 | 2500000 | 0 |
| 5 | കൃഷിയും അനുബന്ധമേഖലകളും-മത്സ്യബന്ധനം | 2501006 | 50000 | 0 |
| 6 | കൃഷിയും അനുബന്ധമേഖലകളും-നീർത്തടവികസനം | 2501008 | 2500000 | 0 |
| 7 | കൃഷിയും അനുബന്ധമേഖലകളും-വാഴ | 2501012 | 500000 | 0 |
| 8 | കൃഷിയും അനുബന്ധമേഖലകളും-അനുബന്ധ സൗകര്യങ്ങളും | 2501026 | 40000 | 0 |
| 9 | മൃഗസംരക്ഷണം-ആട് വളർത്തൽ | 2501032 | 1000000 | 0 |
| 10 | മൃഗസംരക്ഷണം-കന്നുകട്ടിപരിപാലനം | 2501034 | 1500000 | 0 |
| 11 | ജലസംരക്ഷണം | 2502006 | 400000 | 0 |
| | | | | |

| | | | | |
|---|---|---|---|---|
| 12 | പ്രകൃതി സംരക്ഷണത്തിന് വേണ്ടിയുള്ള മറ്റ് ഇടപെടലുകൾ | 2504002 | 1000000 | 0 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം-11/21-ന് ലഭ്യമാക്കിയ മറുപടിയിൽ വരും വർഷങ്ങളിൽ അപാകത പരിഹരിക്കുന്നതാണെന്ന് മറുപടി നൽകി.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യ പത്രിക ലഭിക്കേണ്ട തീയതി | വാർഷിക ധനകാര്യ പത്രിക ലഭിച്ച തീയതി |
|---|---|
| 31.07.2021 | 13.07.2021 |

## 1-2-1 വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ

**വാർഷിക ധനകാര്യപത്രികയിലെ അപാകതകൾ ചുവടെ ചേർക്കുന്നു.**

1. നോട്ട്സ് ഓൺ അക്കൗണ്ട് വാർഷിക കണക്കുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല.

2. വാർഷികകണക്കുകൾക്കൊപ്പം അനുപാതങ്ങൾ (Ratios ) ഉൾപ്പെടുത്തിയിട്ടില്ല.

3. ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ തയ്യാറാക്കി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

4) കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ Net Cash Generated (16433655)എന്നത് Net Increase/Decrease In Cash And Cash Equivalents(18393242) മായി പൊരുത്തപ്പെടുന്നില്ല.

5) ബി14 – Stock In Hand (Inventories) സ്റ്റോക്ക് മൂല്യനിർണയിച്ചിട്ടില്ല.

6.I-18 Prior Period Incme-ൽ വസ്തുനികതി ഇനത്തിലെ വരവ് പോസിറ്റീവായി കാണിച്ചിരിക്കുന്നു. പ്രസ്തുത തുക വരവിൽ തന്നെയാണോ ചേർത്തിട്ടുള്ളതെന്ന് വ്യക്തമാക്കേണ്ടതാണ്.

7.സാക്ഷരത,ജലനിധി എന്നീ അക്കൗണ്ടുകളിലെ മുന്നിരിപ്പ്തുക ബാങ്ക് പാസ്സ് ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് | എ.എഫ്.എസ് പ്രകാരം | ബാങ്ക് പാസ്സ് ബുക്ക് പ്രകാരം |
|---|---|---|
| **സാക്ഷരത** | 63382 | 67726 |
| **ജലനിധി** | 531020 | 570277.17 |

8.എം.ജി.എൻ.ആർ.ഇ.ജി.എസ്- മുന്നിരിപ്പ് തുക(126365) ക്യാഷ്ബുക്കിലെ തുകയുമായി(11428) പൊരുത്തപ്പെടുന്നില്ല.

9.ഡെപ്പോസിറ്റ് തുകകളുടെ മുന്നിരിപ്പ്,വരവ്,ചെലവ്,നീക്കിയിരുപ്പ് വാർഷികധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നില്ല.ഡെപ്പോസിറ്റ് രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

10.2020-21 സാമ്പത്തിക വർഷത്തിൽ നടത്തിയ ഇ ടെണ്ടറിൽ നിന്നുള്ള ഫാറവില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിലാണ് നിക്ഷേപിക്കപ്പെട്ടത്. പ്രസ്തുത തുക ഗ്രാമപഞ്ചായത്തിനു ലഭിക്കുവാനുള്ള തുകയായി വാർഷിക കണക്കുകളിൽ ഉൾക്കൊള്ളിച്ചിട്ടില്ല.

11.ഗ്രാമപഞ്ചായത്തിലെ ദിവസവേതന, പാർട്ട് ടൈം , കരാർ ജീവനക്കാർ, ജനപ്രതിനിധികളുടെ ഓണറേറിയം ,സിറ്റിംഗ് ഫീസ് എന്നിവരുടെ മാർച്ച് 2020ലെ ചെലവുകൾക്ക് ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

12.ചുവടെ ചേർക്കുന്ന ബാങ്ക് അക്കൗണ്ടുകളുടെ 31.03.2021-ലെ നീക്കിയിരിപ്പ് ബാങ്ക് പാസ്സ്ബുക്കുമായി പൊരുത്തപ്പെടുന്നില്ല.

| അക്കൗണ്ട് നം | എ.എഫ്.എസ് പ്രകാരം നീക്കിയിരുപ്പ് | ബാങ്ക് പാസ്സ്ബുക്ക് പ്രകാരം നീക്കിയിരുപ്പ് |
|---|---|---|
| സാക്ഷരത | 63382 | 69765 |
| SDTSB Deffered Salary A/C 2020-Covid | 167400 | 0 |
| Jalanidhi Old Gp Share | 308330 | 361036 |

13. Profession Tax Inst / Traders, കുടിശ്ശിക ഇനത്തിൽ തൻവർഷം 7500/-രൂപ കളക്ഷൻ ഉണ്ട്. പ്രസ്തുത തുക മുൻവർഷ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

14. Rent From Buildings എന്നതിന്റെ കുടിശ്ശികയിനത്തിൽ തൻവർഷം ലഭിച്ച 245065/- രൂപയിൽ 127217/- രൂപയുടെ വിശദാംശങ്ങൾ മുൻവർഷത്തെ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിരുന്നില്ല.

15.ബാലൻസ് ഷീറ്റ് ബി-16-ലെ തുകയും(100917650) (Secured Leave) ബി-5-ലെ തുകയും(102746741) (Prepaid Expenses) തമ്മിൽ പൊരുത്തപ്പെടുന്നില്ല. വിശദീകരിക്കേണ്ടതാണ്.

16. Advance To Others, Festival Advance എന്നീയിനങ്ങളിൽ ധനകാര്യപത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഇനം | വർഷാദ്യം തിരികെ ലഭിക്കാനുണ്ടായിരുന്ന തുക | തൻവർഷം നൽകിയ തുക | തൻവർഷം തിരികെ ലഭിച്ച തുക | വർഷാവസാനം തിരികെ ലഭിക്കാനുള്ള തുക (ധനകാര്യപത്രിക പ്രകാരം) | വ്യത്യാസം |
|---|---|---|---|---|---|
| Advance To Others, | 1483036 | 1597433 | 1167643 | 1620728 | 292098 |
| Festival Advance | 21000 | 120000 | 4000 | 17000 | 120000 |

17. കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി എന്നിവിടങ്ങളിൽ നിക്ഷേപിച്ച തുകകൾ പൊരുത്തപ്പെടുന്നില്ല.

| സ്ഥാപനം | വർഷാദ്യം വരെ നിക്ഷേപിച്ചിരുന്ന തുക | തൻവർഷം നൽകിയ തുക (എ.എഫ്.എസ് പ്രകാരം) | തൻവർഷം നൽകിയ തുക (സുലേഖ പത്രിക പ്രകാരം) | വിനിയോഗസാക്ഷ്യപത്രം ലഭിച്ചത | ധനകാര്യപത്രിക പ്രകാരം ബി-18-ൽ ഉൾപ്പെടുത്തിയിരിക്കുന്നത്. |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 3450456 | 551557 | 1808221 | 0 | 4001783 |
| കേരളവാട്ടർഅതോറിറ്റി | 1774101 | 1557500 | 3860721 | 0 | 3331601 |

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

18) ഗുണഭോക്തൃവിഹിതമിനത്തിൽ തൻവർഷം ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ സുലേഖ ചെലവ് പത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

19) MGNREGS – I-6,I-14a എന്നിവ പ്രകാരമുള്ളതുക(3245920) MIS Statement-പ്രകാരമുള്ള തുകയുമായി(205294000) പൊരുത്തപ്പെടുന്നില്ല.

## 1-3 ഗ്രാന്റ് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ക്യൂ ബിൽ/ ലാപ്സായ തുക |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 0 | 26774848 | 26774848 | 36801338(*1) | -10026490 | 49651 |
| വികസനഫണ്ട് എസ്.സി.പി. | 0 | 5255215 | 5255215 | 2099205* | 3156010 | 3156010 |
| വികസനഫണ്ട് റ്റി എസ് പി | 0 | 565491 | 565491 | 258509(*3) | 306982 | 306982 |
| സി.എഫ്.സി.(Tied) | 0 | 13230000 | 13230000 | 2052500 | 11177500 | 1177500 4099904 |
| സി.എഫ്.സി.(UnTied) | 0 | 24548704 | 24548704 | 20448800 | 4099904 | |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 26212000 | 26212000 | 26125440 | 86560 | 86560 |
| സംരക്ഷണഗ്രാന്റ് നോൺ റോഡ് | 0 | 7768622 | 7768622 | 7744453 | 24169 | 24169 |
| എം.എൻ.ആർ. ഇ.ജി.എസ് | 126365 | 3658019 | 3784384 | 3454920 | 329464 | |
| ഐ സി ഡി എസ് | 871204 | 886283 | 1757487 | 800000 | 957487 | |
| ശുചിത്വ മിഷൻ | 2446227 | 3662468 | 6108695 | 514502 | 5594193 | |

*1.ACR പ്രകാരം ചെലവ് തുക26725197/-

(*2) ACRപ്രകാരം ചെലവ് തുക189442/-

(*3)ACR പ്രകാരം ചെലവ് തുക 200000/-

സോഴ്സ് ഡിഡക്ഷൻ പ്രകാരമുള്ള വിവിധ പ്രോജക്ടുകൾക്കായി ചെലവഴിച്ച തുകയാണ് ഈ വ്യത്യാസമെന്ന് ഓഡിറ്റ് അന്വേഷണത്തിന്(നം-25) മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ലഭ്യമായ വിവിധ ഗ്രാന്റുകളിൽ നിന്നും നല്ലൊരു ശതമാനം തുക വിനിയോഗിക്കാതെ പാഴാക്കിയിരിക്കുന്നു. ഇത്തരത്തിൽ ലഭ്യമാകുന്ന ഗ്രാന്റ് പാഴാകുന്നത് പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങളെ തടസ്സപ്പെടുത്തുന്നതിന് കാരണമാകുന്നു. ആയതിനാൽ സർക്കാരിൽ നിന്നും ലഭ്യമാകുന്ന ഗ്രാന്റ് തുകകൾ പാഴാക്കാതെ വിനിയോഗിക്കുന്നതിന് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 353 | 475165463 | 265 | 115820999 | - | 88 | 75 |

തൻവർഷം 75% പദ്ധതികൾ പൂർത്തീകരിച്ചുവെങ്കിലും വിവിധ പദ്ധതികൾക്കായി വകയിരുത്തിയ ഫണ്ടിന്റെ 25% ശതമാനം മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം -36/21-ന് മറുപടി ലഭ്യമാക്കിയില്ല. പദ്ധതി വിഹിതം പൂർണമായും ഫലപ്രദമായും വിനിയോഗിക്കുന്നതിന് പ്രാമുഖ്യം നൽകേണ്ടതാണ്.

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 126365.94 | 3449019 | 3575384.94 | 3245920.30 | 329464.64 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 203913000 | 203913000 | 203913000 | |
| **ആകെ** | **126365.94** | **207362019** | **207488384.94** | **3449796** | **329464.64** |

## 1-5-1 ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ചുള്ള പൊതുവായ അപാകതകൾ

2020-21 ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളിൽ കണ്ട പൊതുവായ അപാകതകൾ ചുവടെ കൊടുക്കുന്നു.

**ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്യുന്നില്ല.**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പാക്കിയ റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തികൾക്കാവശ്യമായ സാധനങ്ങൾ ക്വട്ടേഷൻ ക്ഷണിച്ച് കരാറുകാരിൽ നിന്നും വാങ്ങിയിരുന്നു. 2017-ലെ സെൻട്രൽ ഗുഡ്സ് ആൻഡ് സർവ്വീസസ് ടാക്സ് ആക്ടിലെ വകുപ്പ് 51, കേന്ദ്ര സർക്കാരിന്റെ Central Board Of Indirect Taxes And Customs-ന്റെ 13.09.2018-ലെ 50/2018 നമ്പർ നോട്ടിഫിക്കേഷൻ , കേന്ദ്ര റവന്യൂ വകുപ്പിന്റെ 14.09.2018-ലെ സർക്കുലർ നമ്പർ 65/39/2018-DOR എന്നിവ പ്രകാരം 2,50,000/- രൂപയിൽ അധികരിക്കുന്ന കരാർ തുകകൾ നൽകുമ്പോൾ 2% ജി.എസ്.ടി സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ, പഞ്ചായത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പിലാക്കിയ പ്രവൃത്തികളിൽ സാധനങ്ങൾ വാങ്ങിയ വകയിൽ 2.5 ലക്ഷം രൂപയുടെ മുകളിൽ ഉള്ള പേമെന്റുകൾ നടത്തുമ്പോൾ ജി.എസ്.ടി തുക കുറവ് ചെയ്ത് അടച്ചിട്ടുള്ളതായി കാണുന്നില്ല. കൂടാതെ 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 194 സി പ്രകാരം ഒരു സാമ്പത്തിക വർഷം ഒരു കരാറിൽ 30,000/- രൂപയിൽ കൂടുതൽ പേമെന്റ് നടത്തുമ്പോൾ 1% തുക സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ആദായ നികുതി വകുപ്പിന് അടക്കേണ്ടതുണ്ട്. എന്നാൽ, ചുവടെ ചേർക്കുന്ന പ്രവൃത്തികളിൽ ജി.എസ്.ടി, ആദായ നികുതി എന്നിവ സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് ബന്ധപ്പെട്ട വകുപ്പുകളിൽ അടച്ചിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (22/29.9.2021) ലഭ്യമാക്കിയ മറുപടിയിൽ ഭാവിയിൽ ഇത് പരിഹരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

**ടെണ്ടർ ഷെഡ്യൂളിൽ പ്രവൃത്തിയുടെ കാലാവധി പറയുന്നില്ല.**

കേരള പൊതുമരാമത്ത് മാന്വൽ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി.01/02/2012 സെക്ഷൻ 2005 പ്രകാരം പ്രവൃത്തികളുടെ ടെണ്ടർ ഷെഡ്യൂളിൽ പ്രവൃത്തിയുടെ കാലാവധി പറയേണ്ടതാണ്. എന്നാൽ 2020-21 ൽ ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രകാരം നടപ്പാക്കിയ പ്രവൃത്തികളുടെ ടെണ്ടർ ഷെഡ്യൂളിൽ പ്രവൃത്തിയുടെ കാലാവധി പറയുന്നില്ല.

**സെലക്ഷൻ നോട്ടീസ് ലഭിച്ച് നിശ്ചിത ദിവസത്തിനകം കരാർ ഒപ്പിടുന്നില്ല.**

മേൽ മാന്വൽ സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച അറിയിപ്പ് ലഭിച്ച് 14 ദിവസത്തിനകം കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥനുമായി കരാറുടമ്പടി വയ്ക്കേണ്ടതാണ്. പല പ്രവൃത്തികളിലും മേൽ സമയക്രമം പാലിച്ചിട്ടില്ല. ഭാവിയിൽ കേരള പൊതുമരാമത്ത് മാന്വൽ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

**സാധനങ്ങൾ സംഭരിച്ച് പണി ആരംഭിക്കാൻ മാസങ്ങളുടെ കാലതാമസം**

കരാർ പ്രകാരമുള്ള സാമഗ്രികൾ കരാറുകാരൻ എത്തിച്ചശേഷം പണി ആരംഭിക്കുന്നത് നാലോ അഞ്ചോ മാസങ്ങൾക്ക് ശേഷമാണ്. സാധനങ്ങൾ സംഭരിച്ച് മാസങ്ങൾക്ക് ശേഷം പണി ആരംഭിക്കുന്ന സാഹചര്യങ്ങളിൽ സാധനങ്ങൾ അന്യാധീനപ്പെട്ടു പോകാനുള്ള സാധ്യത ഉണ്ട്. ആവശ്യമായ തൊഴിലാളികളെ ലഭിക്കാത്തതാണ് പ്രവൃത്തികൾ ആരംഭിക്കുന്നതിന് കാലതാമസം വന്നതിന് കാരണം എന്നാണ് ഓഡിറ്റ് അന്വേഷണത്തിന് (22/29.9.2021) മറുപടി നൽകിയത്. ഇത്തരം പ്രവൃത്തികൾ നടപ്പാക്കുമ്പോൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് ആവശ്യമായ തൊഴിലാളികൾ ഉണ്ടെന്ന് ഉറപ്പ് വരുത്താനും തൊഴിലാളികളെ സംഘടിപ്പിക്കാനും അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

**വാർഡുതല മോണിട്ടറിംഗ് സമിതികൾ കാര്യക്ഷമമല്ല.**

ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സുതാര്യമായ നടത്തിപ്പിന് വാർഡുതല മോണിട്ടറിംഗ് സമിതികൾ പ്രവൃത്തികൾ പരിശോധിക്കേണ്ടതായിട്ടുണ്ട്. പ്രവൃത്തികളുടെ രേഖകൾ പരിശോധിച്ചതിൽ പല പ്രവൃത്തികളിലും വാർഡുതല മോണിട്ടറിംഗ് സമിതികളുടെ റിപ്പോർട്ടില്ല. വാർഡുതല മോണിട്ടറിംഗ് സമിതികൾ കാര്യക്ഷമമായി പ്രവർത്തിക്കേണ്ടതാണെന്ന് ഭരണസമിതിയുടെ ശ്രദ്ധയിൽപെടുത്തുന്നു.

## 1-6 ക്ഷേമപദ്ധതികൾ

| ക്ഷേമ പദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽ രഹിത വേതനം | 0 | 0 |
| കർഷക തൊഴിലാളി പെൻഷൻ | 17274100 | 12769 |
| വിധവ പെൻഷൻ | 33461200 | 22807 |

| | | |
|---|---|---|
| വാർദ്ധക്യകാല പെൻഷൻ | 55078300 | 42518 |
| വികലാംഗ പെൻഷൻ | 10916900 | 7839 |
| വിവാഹ ധന സഹായം | 510000 | 17 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 792700 | 579 |

## 1-6-1 നടപടിക്രമങ്ങളിലെ കാലതാമസം; പെൻഷൻ നിശ്ചിത സമയത്തിനുള്ളിൽ അനുവദിക്കാൻ കഴിയുന്നില്ല

ക്ഷേമ പെൻഷനു വേണ്ടി പഞ്ചായത്തിൽ ലഭിക്കുന്ന അപേക്ഷകൾ വിവിധ നടപടിക്രമങ്ങൾ പൂർത്തിയാക്കാൻ കാലവിളംബം നേരിടുന്നതിനാൽ സമയബന്ധിതമായി പെൻഷൻ അനുവദിക്കാൻ സാധിച്ചിട്ടില്ല. സർക്കാർ മാനദണ്ഡ പ്രകാരം അപേക്ഷ ലഭിച്ച് 45 ദിവസത്തിനകം പെൻഷൻ അനുവദിക്കേണ്ടതാണ്. 2020-2021 കാലയളവിൽ ഈ നിർദ്ദേശം പാലിക്കപ്പെട്ടിട്ടില്ല.

ഫ്രണ്ട് ഓഫീസിൽ നിന്നും തപാൽ നമ്പർ രേഖപ്പെടുത്തിയ അപേക്ഷകൾ ബന്ധപ്പെട്ട സെക്ഷനിൽ ലഭിച്ചതിനു ശേഷം അന്വേഷണ ഉദ്യോഗസ്ഥന് എപ്പോൾ കൈമാറിയെന്നോ അന്വേഷണം കഴിഞ്ഞ് റിപ്പോർട്ട് ഈ ഉദ്യോഗസ്ഥൻ എപ്പോൾ സമർപ്പിച്ചുവെന്നോ ഉള്ള വിവരങ്ങൾ ആവശ്യമായ രേഖകളുടെ അഭാവത്തിൽ അറിയുവാൻ കഴിയുന്നില്ല. അപേക്ഷയിൽ അന്വേഷണോദ്യോഗസ്ഥന്റെ റിപ്പോർട്ടിനു കീഴിലായി സാക്ഷ്യപ്പെടുത്തലുണ്ടെങ്കിലും തീയതി രേഖപ്പെടുത്തണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. എന്നാൽ ഫ്രണ്ട് ഓഫീസിൽ നമ്പരിട്ട അപേക്ഷകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കുന്നതുതന്നെ മാസങ്ങൾ വൈകിയാണ്. ഇതിൽ നിന്നും പെൻഷൻ അനുവദിക്കുന്നതിലെ കാലതാമസം വ്യക്തമാകുന്നു. ഇത്തരത്തിലുള്ള ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അപേക്ഷകരുടെ പേര് | ഫ്രണ്ട് ഓഫീസ് തപാൽ നമ്പരും തീയതിയും | അപേക്ഷ പാസാക്കിയ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി നടന്ന തീയതി | ക്ഷേമ പെൻഷന്റെ തരം |
|---|---|---|---|
| ശ്രീമതി. രമണി | A3/5678/19 23.07.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. കോമള കുമാരി | A3/1794/19 02.03.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. രമണി | A3/7965/19 11.10.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. ഗോമതി | A3/6695/19 19.08.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. സുനിത | A3/4968/19 04.07.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. സുജ. പി. എസ് | A3/9715/19 12.12.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. ഇന്ദിര | A3/9714/19 12.12.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. രാധ. ഒ | A3/5991/19 29.07.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. സുജ. ജെ | A3/215/19 14.01.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. വിജി. റ്റി | A3/5628/19 22.07.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. ശ്യാമള. ബി | A3/5268/19 22.07.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. പുഷ്പകല. എസ് | A3/8438/19 26.10.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. ഷാഹിദബീവി | A3/3573/19 22.05.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. സുശീല. ഇ | A3/2708/19 26.08.2019 | 02.06.2020 | വിധവ പെൻഷൻ |
| ശ്രീമതി. അനിലകുമാരി. എ. ആർ | A3/994/19 12.02.2019 | 24.06.2020 | വിധവ പെൻഷൻ |
| ശ്രീ. മണിയൻ. എ | A3/4035/20 22.06.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. വർഗ്ഗീസ്. ജെ | A3/146/20 07.01.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. രാജൻ. എസ് | A3/3568/20 08.06.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. സോമരാജ്. ജെ | A3/3543/20 08.06.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |

| | | | |
|---|---|---|---|
| ശ്രീ. ഭുവനചന്ദ്രൻ നായർ | A3/3502/20 05.06.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീമതി. ഡെയ്സി | A3/3284/20 01.06.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. സോമൻ. ആർ | A3/3120/20 27.05.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. ജയനന്ദൻ | A3/2494/20 28.04.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീമതി. മേനക.റ്റി | A3/2448/20 24.04.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീമതി. പത്മാവതിയമ്മ | A3/2200/20 07.03.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീമതി. ബി സരോജം | A3/1941/20 06.03.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. ശശി. കെ | A3/1875/20 04.03.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. ജോസഫ്. ജെ | A3/1605/20 26.02.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. പരമേശ്വരൻ നായർ | A3/1509/20 24.02.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീമതി. സുമതി. റ്റി | A3/303/20 14.01.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. മോഹനകുമാർ. എസ് | A3/8520/20 04.01.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീമതി. ശാന്ത. എൻ | A3/1122/20 10.02.2020 | 16.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. ശ്രീമുരുകൻ. കെ | A3/2521/20 25.04.2020 | 29.09.2020 | വാർദ്ധക്യ കാല പെൻഷൻ |
| ശ്രീ. റോബർട്ട്. എസ് | A3/2447/20 23.04.2020 | 29.09.2020 | വാർദ്ധക്യ കാല പെൻഷൻ |

ഇത സംബന്ധിച്ച് 28.09.2021 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ അപേക്ഷയോടൊപ്പം അനുബന്ധ രേഖകൾ അപേക്ഷകർ സമർപ്പിക്കാത്തതും അപേക്ഷകൾ അന്വേഷണം കഴിഞ്ഞ് വരുന്നതിലുണ്ടായ കാലദൈർഘ്യവുമാണ് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പാസാക്കുന്നതിനും പെൻഷൻ അനുവദിക്കുന്നതിന് കാലതാമസം ഉണ്ടായതിനുമുള്ള കാരണമായി ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

ക്ഷേമ പെൻഷൻ നിശ്ചിത സമയത്തിനുള്ളിൽ അനുവദിക്കണമെന്ന സർക്കാർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പു വരുത്തുവാൻ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണ സമിതിയും അന്വേഷണ ഉദ്യോഗസ്ഥരും ശ്രദ്ധിക്കേണ്ടതാണ്.

## 1-6-2 പെൻഷൻ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല

2020-2021 സാമ്പത്തിക വർഷത്തെ വിവിധ ക്ഷേമ പെൻഷനുകളുമായി ബന്ധപ്പെട്ട രേഖകളുടെ പരിശോധനയിൽ പെൻഷൻ വിവരങ്ങൾ കൃത്യമായി ഉൾപ്പെടുത്തിയിട്ടുള്ള ക്ഷേമ പെൻഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ അപേക്ഷകനു നിശ്ചിത സമയത്തിനുള്ളിൽ പെൻഷൻ ലഭിച്ചോയെന്നും; പെൻഷൻ അപേക്ഷകൾ സ്വീകരിച്ച തീയതി, അപേക്ഷകന്റെ വിശദവിവരങ്ങൾ, അപേക്ഷ അന്വേഷണോദ്യോഗസ്ഥന് കൈമാറിയ തീയതി, അന്വേഷണോദ്യോഗസ്ഥൻ റിപ്പോർട്ട് ലഭ്യമാക്കിയ തീയതി, അന്വേഷണ റിപ്പോർട്ടിലെ ശിപാർശ, അപേക്ഷകൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിച്ച വിവരം, കമ്മിറ്റി തീരുമാന പ്രകാരം പെൻഷൻ അനുവദിച്ച തീയതി തുടങ്ങിയ വിവരങ്ങളും പ്രസ്തുത രജിസ്റ്ററിന്റെ അഭാവത്തിൽ അറിയുവാൻ സാധിച്ചിട്ടില്ല. പെൻഷൻ സംബന്ധമായ മറ്റു രേഖകളിൽ (അപേക്ഷകൾ, ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സ്) നിന്നും നാമമാത്രമായ വിവരങ്ങൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്.

ക്ഷേമ പെൻഷനുകളുടെ പൂർണ്ണ വിവരമടങ്ങിയ ക്ഷേമ പെൻഷൻ രജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കേണ്ടതും പെൻഷൻ അനുവദിക്കുന്നതിൽ സർക്കാർ മാനദണ്ഡ പ്രകാരമുള്ള സമയപരിധിയും സുതാര്യതയും കാര്യക്ഷമതയും ഉറപ്പു വരുത്തേണ്ടതുമാണ്.

ഇത സംബന്ധിച്ച് 28.09.2021 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ പെൻഷൻ രജിസ്റ്റർ പ്രത്യേകം എഴുതി സൂക്ഷിക്കുന്നില്ലെന്നും ആയത് എഴുതി സൂക്ഷിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

## 1-6-3 മരണശേഷം പെൻഷൻ വിതരണം ചെയ്യുന്നതിലൂടെ സർക്കാരിന് ധനനഷ്ടം

മരണമടഞ്ഞതിന് ശേഷവും വ്യക്തികൾക്ക് വിവിധ തരം ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യതിലൂടെ സർക്കാരിന് ഭീമമായ തുകയുടെ നഷ്ടം സംഭവിക്കുന്നു. പെൻഷൻ വാങ്ങുന്ന വ്യക്തിയുടെ മരണ വിവരം ബന്ധപ്പെട്ട സോഫ്റ്റ്‌വെയറിൽ യഥാസമയം ഉൾപ്പെടുത്താത്തതാണ് ഇതിനുള്ള കാരണം.

ഇതു സംബന്ധിച്ച് സേവന സോഫ്റ്റ്‌വെയറിൽ നിന്നും ലഭ്യമായ വിവരങ്ങളിൽ നിന്നും ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| മരിച്ച വ്യക്തിയുടെ പേര് | മരണമടഞ്ഞ തീയതി | ആധാർ നമ്പർ | ക്ഷേമ പെൻഷന്റെ തരം | പെൻഷൻ അവസാനമായി ലഭിച്ച മാസം | പെൻഷൻ ലഭിച്ച രീതി |
|---|---|---|---|---|---|
| ശ്രീ.തോമസ്.കെ | 17.12.2019 | 233353567148 | കർഷക തൊഴിലാളി പെൻഷൻ | 05/2021 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി.ചെല്ലമ്മ | 12.01.2020 | 791647974946 | കർഷക തൊഴിലാളി പെൻഷൻ | 05/2021 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി.എൻ.തങ്കമ്മ | 14.01.2020 | 593849273713 | കർഷക തൊഴിലാളി പെൻഷൻ | 09/2020 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീ. രവി. കെ | 06.01.2020 | 341091722091 | കർഷക തൊഴിലാളി പെൻഷൻ | 05/2021 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീ.ശശി | 09.02.2020 | 282842534953 | വാർദ്ധക്യ കാല പെൻഷൻ | 05/2021 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീമതി.സുശീല. സി | 06.12.2019 | 717559559010 | വാർദ്ധക്യ കാല പെൻഷൻ | 04/2021 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീ. യു. സുകുമാരൻ | 15.04.2020 | 889607193734 | വാർദ്ധക്യ കാല പെൻഷൻ | 06/2021 | അക്കൗണ്ടിൽ നിക്ഷേപിച്ചു |
| ശ്രീ. സുന്ദരൻ. എ | 14.02.2020 | 949673350998 | കർഷക തൊഴിലാളി പെൻഷൻ | 04/2021 | തുക നേരിട്ട് കൈപ്പറ്റി |
| ശ്രീമതി. ദാനമ്മ. റ്റി | 01.03.2020 | 615387930889 | കർഷക തൊഴിലാളി പെൻഷൻ | 06/2021 | തുക നേരിട്ട് കൈപ്പറ്റി |

ഇതിനു കാരണം ആരാഞ്ഞുകൊണ്ട് 28.09.2021 തീയതിയിൽ 13 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ പെൻഷനുകൾ സൈറ്റിൽ കൃത്യസമയത്ത് രേഖപ്പെടുത്തിയാലും പെൻഷൻ സൈറ്റ് ഓപ്പൺ ചെയ്യുമ്പോൾ മാത്രമെ പെൻഷൻ നിർത്തൽ ചെയ്യുവാൻ പറ്റുകയുള്ളുവെന്നും പെൻഷൻ സൈറ്റ് ഓപ്പൺ ചെയ്യുന്നതിനനുസരിച്ച് ഡിജിറ്റൽ സൈൻ ചെയ്തു പെൻഷൻ ക്യാൻസൽ ചെയ്യുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കിയിട്ടുണ്ട്.

മരണമടഞ്ഞ വ്യക്തികളുടെ പെൻഷൻ അതതുസമയം നിർത്തൽ ചെയ്യുന്നതിലൂടെ സർക്കാർ ധനത്തിന്റെ അതിവ്യയം നിയന്ത്രിക്കാൻ കഴിയുന്നതാണ്.

## 1-7 പണം നീക്കിയിരിപ്പ് പരിശോധന

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.09.2021 തീയതി ഉച്ചയ്ക്ക് 12 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6745/-രൂപ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

## 1-8 ആഭ്യന്തരനിയന്ത്രണം

*ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. രജിസ്ററുകളുടെയും വിവരശേഖരണസംവിധാനങ്ങളുടെയും വിവരങ്ങൾ കാലികമായും കൃത്യതയോടെയും സൂക്ഷിക്കുന്നതിന് ജാഗ്രത പുലർത്തേണ്ടതാണ്.

*വരവ് നിർണ്ണയിക്കുന്നതിലും ഫീസ് പിരിക്കുന്നതിലുമുള്ള അപാകങ്ങൾ അടിയന്തിരമായി പരിഹരിക്കപ്പെടേണ്ടതാണ്.

*പഞ്ചായത്തിന്റെ വരവിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും നിലവിലുള്ള വരവുകൾ പിരിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങൾ സ്റ്റാൻഡിംഗ് കമ്മിറ്റിയുടെ ഭാഗത്തുനിന്നും ഉണ്ടാകുന്നില്ല. ട്രേഡേഴ്സ് ലിസ്റ്റ് കാലിമല്ലാത്തതിൽ പഞ്ചായത്ത് പ്രദേശത്തെ എല്ലാ വ്യാപാരസ്ഥാപനങ്ങളിൽ നിന്നുമുള്ള ലൈസൻസ്, തൊഴിൽനികതി ഈടാക്കാനായിട്ടില്ല.പഞ്ചായത്തിന്റെ തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങളും നടപടികളും തീരുമാനിച്ച് കൃത്യതയോടെ നികതി പിരിവ് ഊർജ്ജിതമാക്കേണ്ടതാണ്.

*ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

*ഓരോ വർഷവും നടപ്പിലാക്കുന്ന നിക്ഷേപ പ്രവൃത്തികൾ ,മറ്റിതരചെലവുകളുടെ വിനിയോഗസാക്ഷ്യപത്രം നിർവ്വഹണ ഏജൻസികളിൽ നിന്നും കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിന് സത്വര നടപടികൾ കൈകൊള്ളേണ്ടതാണ്.

*ഗുണഭോക്തൃസമിതി മുഖേനയുള്ള മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

* പെൻഷൻ വിതരണത്തിലെ അപാകത പരിഹരിക്കുന്നതിന് ഊർജ്ജിത നടപടികൾ കൈകൊള്ളേണ്ടതാണ്.

## 1-9 മറ്റ് ഓഡിറ്റുകൾ നടത്തിയവിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോർമൻസ് ഓഡിറ്റ് | 10.02.2020 | 2019 ഡിസംബർ | ലഭ്യമാക്കിയില്ല |
| അക്കൗണ്ട് ജനറലിന്റെ ഓഡിറ്റ് | 29.08.2018 | 2013-14 മുതൽ2017-18 | 22.10.2018 |

## 1-10 രസീത് പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ

2020-21 സാമ്പത്തിക വർഷത്തെ എഴുതി നൽകിയ രസീതുകളുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

**അ) രസീതുകളിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ല.**

പണം സ്വീകരിക്കുന്നതിനുപയോഗിച്ച രസീതുകളിൽ ഓഫീസ് മുദ്ര പതിച്ചിട്ടില്ലാത്തതിനാൽ ഇതിന് നിയമപരമായ ആധികാരികതയില്ല. കൂടാതെ വ്യാജ രസീത് ഉപയോഗിക്കുന്നതിനുള്ള സാധ്യതയ്ക്കും കാരണമാകാവുന്നതാണ്. ആയതിനാൽ എല്ലാ രസീതുകളിലും ഓഫീസ് മുദ്ര പതിച്ച് ആധികാരികമാക്കുന്നതിനു പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

**ആ) രസീതുകൾ റദ്ദുചെയ്യുന്നത് ശരിയായ രീതിയിലല്ല.**

രസീതുകളിൽ 'ക്യാൻസൽഡ്' എന്നെഴുതി റദ്ദുചെയ്യുന്ന രീതിയാണ് അനുവർത്തിച്ചുപോരുന്നത്. ഇങ്ങനെയുള്ള റദ്ദുചെയ്യൽ ക്രമപ്രകാരമുള്ളതല്ല. രസീതുകൾ റദ്ദുചെയ്യേണ്ട സാഹചര്യം വരുമ്പോൾ ആയതിനുള്ള കാരണം രേഖപ്പെടുത്തി റദ്ദുചെയ്യേണ്ടതും മേലധികാരിയെക്കൊണ്ട് സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. കൂടാതെ റദ്ദാക്കിയ രസീതിന്റെ ഡ്യൂപ്ലിക്കേറ്റിനൊപ്പം ഒറിജിനലും സൂക്ഷിക്കേണ്ടതാണ്.

**ഇ) കളക്ഷൻ രജിസ്റ്റർ മേലധികാരി പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല.**

മാന്വൽ രസീത് മുഖേന സ്വീകരിക്കുന്ന ദൈനംദിന വരവുകളുടെ കണക്കുകൾ ചിട്ടയോടുകൂടി രേഖപ്പെടുത്തി സൂക്ഷിക്കുന്ന കളക്ഷൻ രജിസ്റ്റർ ബന്ധപ്പെട്ട മേലധികാരികൾ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടില്ല. പിരിച്ചെടുക്കുന്ന തുകകളുടെയും പണം ഒടുക്കിന്റെയും കൃത്യതയും കാര്യക്ഷമതയും ഇക്കാരണത്താൽ ഉറപ്പാക്കുവാൻ സാധിക്കുകയില്ല. ആയതിനാൽ ഇക്കാര്യത്തിൽ വീഴ്ച സംഭവിക്കാതിരിക്കാൻ മേലധികാരികൾ ശ്രദ്ധിക്കേണ്ടതാണ്.

മേൽ അപാകതകൾ ചൂണ്ടിക്കാണിച്ചുകൊണ്ട് 30.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.21ന് ലഭ്യമാക്കിയ മറുപടിയിൽ മേലിൽ ആവർത്തിക്കാതിതിരിക്കാനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-11 ലൈസൻസ് നൽകൽ കാര്യക്ഷമമല്ല

ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 356 സ്ഥാപനങ്ങൾ/കടകൾ മാത്രമാണ് 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലൈസൻസ് എടുത്തിട്ടുള്ളത്. എന്നാൽ സഞ്ചയയിലെ കണക്കുകളനുസരിച്ച് 23 വാർഡുകളിലായി 2748 കെട്ടിടങ്ങൾ നിലവിലുണ്ട്. കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 232, 233 പ്രകാരവും 1996 ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 5 പ്രകാരവും ഏതൊരു വ്യാപാരസ്ഥാപനവും ആരംഭിക്കുന്നതിനു മുമ്പ് ലൈസൻസിനായി അപേക്ഷിക്കേണ്ടതും ചട്ടം 10 പ്രകാരം ലൈസൻസ് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

ലൈസൻസ് ഫീസ് ഇനത്തിൽ സമാഹരിക്കുന്ന തുക തനതു ഫണ്ടിലേയ്ക്കുള്ള പ്രധാന വരുമാന സ്രോതസ്സായതിനാലും ലൈസൻസ് നൽകുകയെന്നത് പഞ്ചായത്തിന്റെ അനിവാര്യ ചുമതലയായതിനാലും കൂടാതെ ഈ ഗണത്തിൽപ്പെട്ട സ്ഥാപനങ്ങൾ പൊതുജനങ്ങളുടെ ജീവനേയും സ്വത്തിനേയും നേരിട്ടു ബാധിക്കുന്നവയായതിനാലും ഇക്കാര്യത്തിൽ ഭരണസമിതിയുടെയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും അടിയന്തര ശ്രദ്ധ പതിയേണ്ടതാണ്.

ഇതു സംബന്ധിച്ച് 30.09.2021 ൽ 21ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കോമേഴ്സ്യൽ കെട്ടിടങ്ങളിൽ ചിലത് പ്രവർത്തന രഹിതവും ചിലത് പ്രവർത്തന സജ്ജവുമാണെന്നു രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-11-1 കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് നൽകിയിട്ടില്ല

കല്യാണമണ്ഡപങ്ങൾ, ഹാളുകൾ, സ്വകാര്യ ആഡിറ്റോറിയങ്ങൾ എന്നിവയിൽ നിന്നും 2020-2021 സാമ്പത്തിക വർഷം ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല. ഇത് തനതുവരുമാന നഷ്ടത്തിനു കാരണമാകുന്നു. കേരള പഞ്ചായത്ത്രാജ് ആക്ട്, സെക്ഷൻ 232(1) ൽ "ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ലെന്നും മനുഷ്യന്റെ ജീവനോ ആരോഗ്യത്തിനോ വസ്തുവകകൾക്കോ അപകടകരമോ

അസഹ്യതയുണ്ടാക്കുന്നതോ ആയേക്കാനിടയുള്ളവയുമായ ഏതെങ്കിലും കാര്യങ്ങൾക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകുന്ന ലൈസൻസ് കൂടാതെയും ആ ലൈസൻസിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്കനുസരണമല്ലാതെയും പഞ്ചായത്ത് പ്രദേശത്തുള്ള യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലെന്നും നിഷ്കർഷിച്ചിട്ടുണ്ട്." ഇതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ രീതിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ലൈസൻസ് വേണമെന്ന് വ്യക്തമാണ്. 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 33 പ്രകാരം ഭക്ഷ്യവസ്തുക്കൾ കൈകാര്യം ചെയ്യുന്ന കല്യാണമണ്ഡപങ്ങൾക്ക് ലൈസൻസ് അനിവാര്യമാണ്. ഇത്തരത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു. ഈ സ്ഥാപനങ്ങളിൽ നിന്നും 2019-2020 സാമ്പത്തിക വർഷത്തെ സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല.

1. കെ.പി.എം ഹാൾ, വെള്ളറട

2. ജെ.എം ഹാൾ, വെള്ളറട

3. ഹോളി ക്രോസ് ചർച്ച് പാരിഷ് ഹാൾ, ആനപ്പാറ

4. മണിരാജം ഓഡിറ്റോറിയം, മണ്ണാംകോണം

5. കന്യാ കല്യാണമണ്ഡപം, പനച്ചമൂട്

6. വി. എസ് ഓഡിറ്റോറിയം, കിളിയൂർ

ഇതു സംബന്ധിച്ച് 30.09.2021 ൽ 21 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ കേരള പഞ്ചായത്ത്രാജ് വ്യവസായങ്ങളും ഫാക്ടറികളും വ്യാപാരങ്ങളും മറ്റു സേവനങ്ങളും ചട്ടങ്ങളിൽ കല്യാണമണ്ഡപങ്ങൾക്കും ആഡിറ്റോറിയങ്ങൾക്കും ലൈസൻസ് അനുവദിക്കുന്നതിനെക്കുറിച്ച് പ്രതിപാദിക്കുന്നില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. 2020-2021 സാമ്പത്തിക വർഷത്തെ ലൈസൻസ് ഫീസും സ്ഥാപന നികുതിയും അടിയന്തരമായി പിരിച്ചെടുത്ത് തനതു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതാണ്.

## 1-11-2 റേഷൻ കടകളിൽനിന്ന് തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കിയിട്ടില്ല

റേഷൻ കടകളിൽനിന്നും 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പിരിച്ചെടുക്കുകയോ, അവയ്ക്ക് ഫാക്ടറി-വ്യാപാര ലൈസൻസ് നൽകുകയോ ചെയ്തിട്ടില്ല. ഇത് തനതുഫണ്ടിന്റെ വരുമാന ശോഷണത്തിന് കാരണമാകുന്നു. ഓഡിറ്റിനു ഹാജരാക്കിയ ലൈസൻസ് രജിസ്റ്ററിൽ റേഷൻ കടകൾ ഉൾപ്പെട്ടു കാണുന്നില്ല. കേരള സംസ്ഥാന സിവിൽ സപ്ലൈസ് കമ്മീഷണറുടെ 21.01.2019 ലെ (CS)A9-764/19 നം. ഉത്തരവു പ്രകാരം റേഷൻ ചില്ലറ വ്യാപാരികൾ തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഒടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട് കൂടാതെ 1996-ലെ കേരള പഞ്ചായത്ത്രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം.3, പട്ടിക-I, ക്രമ നം. 149, 150 പ്രകാരം റേഷൻ കടകൾക്ക് ലൈസൻസ് അനിവാര്യവുമാണ്.

ഇതു സംബന്ധിച്ച് 22.09.2021 തീയതിയിലും 30.09.2021 തീയതിയിലും യഥാക്രമം 01, 21 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറികൾക്ക് റേഷൻ കടകളിൽ നിന്നും തൊഴിൽ നികുതിയും ലൈസൻസ് ഫീസും ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വ്യാപാരികളുടെ ലിസ്റ്റ്, ലൈസൻസ് രജിസ്റ്റർ എന്നിവ തയ്യാറാക്കുമ്പോൾ റേഷൻ കടകളുടെ വിവരങ്ങൾ ഉൾപ്പെടുത്തേണ്ടതും കൃത്യമായ ഡിമാന്റ് നോട്ടീസിലൂടെ തൊഴിൽ നികുതിയിനത്തിലും ലൈസൻസ് ഫീസിനത്തിലും ലഭിക്കേണ്ട വരുമാനം ഉറപ്പുവരുത്തേണ്ടതുമാണ്.

## 1-12 വ്യാപാര സ്ഥാപനങ്ങളുടെ ലിസ്റ്റ് (Traders' List) തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിച്ചിരുന്ന വ്യാപാര സ്ഥാപനങ്ങളുടെ 2020-21 സാമ്പത്തിക വർഷത്തെ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ഇക്കാരണത്താൽ ഓരോ വാർഡിലും എത്ര വ്യാപാര സ്ഥാപനങ്ങൾ നിലവിലുണ്ടെന്നും മുഴുവൻ വ്യാപാര സ്ഥാപനങ്ങളിൽനിന്നും നികുതി ഈടാക്കിയിട്ടുണ്ടോയെന്നും ലൈസൻസ് നൽകിയിട്ടുണ്ടോയെന്നും കൃത്യമായി അറിയുവാൻ സാധിക്കുന്നില്ല. വ്യാപാര സ്ഥാപനങ്ങളുടെ കണക്ക് സൂക്ഷിച്ചിട്ടില്ലാത്തതിനാൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് കൃത്യമായി നൽകുന്നതിനും നികുതി വരുമാനം ഉറപ്പുവരുത്തുന്നതിനും കഴിയുകയില്ല. കൂടാതെ നികുതി പിരിവ് പൂർണ്ണമായും കാര്യക്ഷമമായും നടത്തുവാനും കഴിയാതെ വരുന്നു. ഇത് തനതു ഫണ്ടിന്റെ ശോഷണത്തിന് കാരണമായിത്തീരുന്നു. ആയതിനാൽ വാർഡടിസ്ഥാനത്തിലുള്ള വ്യാപാരികളുടെ ലിസ്റ്റ് ഓരോ സാമ്പത്തിക അർദ്ധവർഷവും കാലികമായി തയ്യാറാക്കി സൂക്ഷിക്കേണ്ടത് പഞ്ചായത്ത് ഉദ്യോഗസ്ഥരുടെ കർത്തവ്യമാണ്.

22.09.2021 ൽ 01ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ വാർഡടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന രേഖപ്പെടുത്തിയിട്ടുണ്ട്.

## 1-13 തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയിട്ടില്ല

വിവിധ വാർഡുകളിലെ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) തൊഴിൽ നികുതി ആവശ്യപ്പെട്ടുകൊണ്ട് നൽകിയ നിർദ്ദിഷ്ട രീതിയിലുള്ള ഡിമാന്റ് നോട്ടീസിന്റെ/ബില്ലിന്റെ ഡ്യൂപ്ലിക്കേറ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 22.09.2021 ൽ 01 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറി II(1) പ്രകാരം ആയത് ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും പ്രസ്തുത രേഖകൾ ഹാജരാക്കിയിട്ടില്ല. ആയതിനാൽ വ്യാപാരികൾക്ക് 2020-2021 സാമ്പത്തിക വർഷം ഇത്തരത്തിലുള്ള ഡിമാന്റ് നോട്ടീസ്/ബില്ല് നൽകിയിട്ടില്ലെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇതിന്റെ ഡ്യൂപ്ലിക്കേറ്റിൽ കൈപ്പറ്റിയ വ്യക്തിയുടെ ഒപ്പും തീയതിയും നിർബന്ധമായും രേഖപ്പെടുത്തേണ്ടതാണ്.

1996 ലെ കേരള പഞ്ചായത്ത്രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 10(1) പ്രകാരം തൊഴിൽ നികുതി ഈടാക്കാവുന്ന വരുമാനം/ടേൺ ഓവർ കാണിക്കുന്ന റിട്ടേൺ സമർപ്പിക്കുവാൻ വ്യക്തികൾ/വ്യാപാരികൾ/കമ്പനികൾക്ക് നോട്ടീസ് നൽകേണ്ടതാണ്. ചട്ടം. 18(1) പ്രകാരം തൊഴിൽ നികുതിയായി നിശ്ചയിക്കപ്പെട്ട തുക ഡിമാന്റ് ചെയ്യേണ്ടതാണ്. തൊഴിൽ നികുതി ചട്ടങ്ങൾ നിഷ്കർഷിക്കും പ്രകാരമുള്ള ഡിമാന്റ് ചെയ്യലിന്റെ അഭാവം നിമിത്തം നികുതി വരുമാനം ലഭിക്കാത്തതോ കുറയുന്നതോ കാലഹരണപ്പെടുന്നതോ ആയ സ്ഥിതിവിശേഷം സംജാതമായാൽ അത്തരത്തിലുണ്ടാകുന്ന വരുമാന നഷ്ടങ്ങളുടെ ബാദ്ധ്യത ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിക്ഷിപ്തമായിരിക്കും.

## 1-13-1 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ വീഴ്ച

തൊഴിൽ നികുതി സംബന്ധമായ രേഖകളുടെ പരിശോധനയിൽ പച്ചയം ശ്രീ ധർമ്മശാസ്താ ക്ഷേത്രം ദേവസ്വം, മേജർ ശ്രീ ഭഗവതി ക്ഷേത്രം ദേവസ്വം , വെള്ളറട എന്നീ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ (രണ്ട് അർദ്ധ വർഷത്തെയും) തൊഴിൽ നികുതി പിരിച്ചെടുക്കാൻ പഞ്ചായത്തിനു കഴിഞ്ഞിട്ടില്ല. തൊഴിൽ നികുതി ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനത്തിന്റെ മേൽ കേരള പഞ്ചായത്ത്രാജ് ആക്റ്റ്

സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 22.09.2021 തീയതിയിൽ 01 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ മുടക്കം വരുത്തിയ തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്ന വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ മുടക്കം വരുത്തിയ തൊഴിൽ നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-13-2 തൊഴിൽ നികുതി ഈടാക്കിയതിലെ കുറവ് കാരണം വരുമാന നഷ്ടം

വിവിധ സ്ഥാപനങ്ങളിലെ/ഓഫീസുകളിലെ ജീവനക്കാരിൽ നിന്നും 2020-21 സാമ്പത്തിക വർഷം ഈടാക്കിയ തൊഴിൽ നികുതി നിർദ്ദിഷ്ട നിരക്കുകളേക്കാൾ കുറവാണെന്ന കാണുന്നു. അർദ്ധ വാർഷിക വരുമാനത്തിന് ആനുപാതികമായി ഈടാക്കിയ നികുതി "തൊഴിൽ നികുതി തിട്ടപ്പെടുത്തുന്നതിനുള്ള പട്ടിക"യിലെ നിരക്കുകളേക്കാൾ കുറവായതിനാൽ ഈയിനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പിഴപ്പലിശ സഹിതം ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ജീവനക്കാരുടെ പേരും തസ്തികയും | സ്ഥാപനം/ഓഫീസ് | അർദ്ധ വാർഷിക വരുമാനം | ഈടാക്കിയ നികുതി | ഈടാക്കേണ്ട നികുതി | ഏത് അർദ്ധ വർഷത്തേയ്ക്ക് എന്നത് |
|---|---|---|---|---|---|
| Bimis. V. S (StaffNurse) | സി.എച്ച്.സി. വെള്ളറട | 138000 (23000X6) | 1000 | 1250 | Ist Half |
| Soumya Soman (Staff Nurse) | സി.എച്ച്.സി. വെള്ളറട | 138000 (23000X6) | 1000 | 1250 | Ist Half |
| Remya. P. V (Office Attendent Gr.II) | സബ്‌രജിസ്ട്രാർ ഓഫീസ്, വെള്ളറട | 126344 | 1000 | 1250 | Ist Half |
| Mureal(Staff Nurse) | സി.എച്ച്.സി. വെള്ളറട | 102000 (17000X6) | 600 | 1000 | 2nd Half |
| Sajin Simon(Staff Nurse) | സി.എച്ച്.സി. വെള്ളറട | 102000 (17000X6) | 750 | 1000 | 2nd Half |
| Arun P Dev(P.R.O) | സി.എച്ച്.സി. വെള്ളറട | 120000 (20000X6) | 750 | 1000 | 2nd Half |
| Arun. G. S(Cleaning Staff) | സി.എച്ച്.സി. വെള്ളറട | 72900 (12150X6) | 450 | 600 | 2nd Half |
| Soorya. J.K(Pharmacist) | സി.എച്ച്.സി. വെള്ളറട | 84000 (14000X6) | 450 | 750 | 2nd Half |

ഇതു സംബന്ധിച്ച് 22.09.2021 ൽ 01 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ കുറവുവന്ന തുക ഈടാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടെന്ന വ്യക്തമാക്കിയിട്ടുണ്ട്.

## 1-13-3 തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതിയും ജീവനക്കാരിൽ നിന്നുള്ള തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല. പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന ഇത്തരം സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. അനന്തപുരി ഹൗസിംഗ് സഹകരണ സംഘം, വെള്ളറട

2. മാന്നൂർ എസ് സി കോ-ഓപ്പറേറ്റീവ് സൊസൈറ്റി, വെള്ളറട

3. ദയ ഹോമിയോ ആശുപത്രി, വെള്ളറട

4. ഇ വി എം ഹോണ്ട, വെള്ളറട

5. കല്ലിംഗൽ ബജാജ്, വെള്ളറട

തൊഴിൽ നികുതിയും സ്ഥാപന നികുതിയും ഒടുക്കുന്നതിന് വീഴ്ച വരുത്തിയ സ്ഥാപനങ്ങളുടെ മേൽ കേരള പഞ്ചായത്ത്‌രാജ് ആക്ട് സെക്ഷൻ 204, 205 എന്നിവയും 1996 ലെ കേരള പഞ്ചായത്ത്‌രാജ് (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം. 3, 13 എന്നിവയും നിഷ്കർഷിക്കും പ്രകാരമുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

ഇതു സംബന്ധിച്ച് 22.09.2021 ൽ 01 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്കു ലഭ്യമാക്കിയ മറുപടിയിൽ 2020-2021 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി, സ്ഥാപന നികുതി എന്നിവ ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആയതിനാൽ പ്രസ്തുത നികുതികൾ പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽകൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-13-4 സ്ഥാപന നികുതി പിരിച്ചെടുത്തിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 2020-2021 സാമ്പത്തിക വർഷത്തെ വരവ് സംബന്ധമായ രേഖകളുടെ പരിശോധനയിൽ ചില ബാങ്കിംഗ്/ധനകാര്യ സ്ഥാപനങ്ങൾ, കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും തൻവർഷത്തെ (രണ്ട് അർദ്ധവർഷത്തെയും) സ്ഥാപന നികുതി ഈടാക്കിയിട്ടില്ല. സ്ഥാപനങ്ങളുടെ പേര് ചുവടെ ചേർക്കുന്നു.

1. ആദം ഫൈനാൻസ്, പനച്ചമൂട്

2. ജനത മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, കിളിയൂർ

3. സാം മോട്ടോഴ്സ്, പൊന്നമ്പി

4. മരിയ ആഡിറ്റോറിയം, വാലൻവിള

5. കെ പി എം ഹാൾ, വെള്ളറട

6. ഹോളിക്രോസ് ചർച്ച് പാരിഷ് ഹാൾ, ആനപ്പാറ

7. ജെ എം ഹാൾ, വെള്ളറട

8. മണിരാജം ആഡിറ്റോറിയം, മണ്ണാംകോണം

9. സന ഫൈനാൻസ്, വെള്ളറട, ചൂണ്ടിക്കൽ

10. കേശവ ഫൈനാൻസ്, വെള്ളറട

11. വി എസ് ഗോൾഡ് സർവ്വീസ്, പനച്ചമൂട്

12. പാലയ്ക്കൽ ഫൈനാൻസ്, പനച്ചമൂട്

13. അൽ അമൻ ട്രേഡിംഗ് കമ്പനി, പനച്ചമൂട്

14. രാഗം ട്രേഡേഴ്സ്, പനച്ചമൂട്

15. താഴക്കട ആയുർവേദിക് & സ്റ്റേഷനറി, പനച്ചമൂട്

16. ജെ എൻ മൾട്ടി ജിം, പനച്ചമൂട്

17. മഹാരാജ ടെക്സ് & റെഡിമെയ്ഡ്സ്, പനച്ചമൂട്

18. സഹകരണ നീതി മെഡിക്കൽസ്, പനച്ചമൂട്

19. മഞ്ചാടി മെഡിക്കൽസ്, പനച്ചമൂട്

20. ചിത്ര ടെക്സ്റ്റയിൽസ്, പനച്ചമൂട്

21. അരവിന്ദ് മെഡിക്കൽസ്, പനച്ചമൂട്

22. ജെ പി ടയേഴ്സ്, പനച്ചമൂട്

23. കണ്ണൻ എഞ്ചിനീയറിംഗ് വർക്സ്, പനച്ചമൂട്

24. സ്വപ്ന മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, വെള്ളറട

25. എ ജെ ഹാർഡ് വെയേഴ്സ്, വെള്ളറട

26. കിളിയൂർ ക്ഷീരോല്പാദക സഹകരണ സംഘം

27. ജിജോ മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, വെള്ളറട

28. ജി-ടെക്ക് മോട്ടോർ ഡ്രൈവിംഗ് സ്കൂൾ, ചൂണ്ടിക്കൽ

29. ചുരുളി ക്ഷീരോല്പാദക സഹകരണ സംഘം

30. പനച്ചമൂട് ക്ഷീരോല്പാദക സഹകരണ സംഘം

31. മരപ്പാലം ക്ഷീരോല്പാദക സഹകരണ സംഘം

32. ആറാട്ടുകുഴി ക്ഷീരോല്പാദക സഹകരണ സംഘം

33. ചെറിയകൊല്ല ക്ഷീരോല്പാദക സഹകരണ സംഘം

34. കത്തിപ്പാറ ക്ഷീരോല്പാദക സഹകരണ സംഘം

35. കരിക്കമൻകോട് ക്ഷീരോല്പാദക സഹകരണ സംഘം

36. നാട്ടുപാറ ക്ഷീരോല്പാദക സഹകരണ സംഘം

37. മണ്ണാംകോണം ക്ഷീരോല്പാദക സഹകരണ സംഘം

38. മണത്തോട്ടം ക്ഷീരോല്പാദക സഹകരണ സംഘം

ഇത് സംബന്ധിച്ച് 22.09.2021 തീയതിയിൽ 01 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രസ്താവിച്ച സ്ഥാപനങ്ങൾ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നവയാണെന്നും മുടക്കം വരുത്തിയ സ്ഥാപന നികുതി/തൊഴിൽ നികുതി ഈടാക്കുന്നതിനുള്ള നടപടികൾ ഉടൻ തന്നെ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപന നികുതി പിഴപ്പലിശ സഹിതം ഈടാക്കി തനതുഫണ്ടിൽ മുതൽക്കൂട്ടുന്നതിനുള്ള ഊർജ്ജിത നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-14 മൊബൈൽ ടവറുകളുടെ വസ്തുനികുതി പിരിച്ചെടുക്കുന്നില്ല

പഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി പിരിച്ചെടുക്കുവാൻ സാധിച്ചിട്ടില്ല. 2013-14 സാമ്പത്തിക വർഷം മുതലുള്ള നികുതി കുടിശ്ശിക പിരിച്ചെടുക്കാനുണ്ട്. ടവർ പ്രവർത്തിക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ വസ്തുനികുതി ചട്ടങ്ങൾ പ്രകാരം കണക്കാക്കിയ തുകയാണ് മൊബൈൽ ടവർ കമ്പനികൾ നികുതിയായി പഞ്ചായത്തിൽ ഒടുക്കേണ്ടത്. വിശദവിവരം ചുവടെ ചേർക്കുന്നു.

| മൊബൈൽ ടവറിന്റെ പേരും മേൽവിലാസവും | വാർഡ് നമ്പർ | കെട്ടിട നമ്പർ | നിർണ്ണയിച്ച വാർഷിക വസ്തുനികുതി നിരക്ക് | കുടിശ്ശിക തുക | കുടിശ്ശിക കാലയളവ് |
|---|---|---|---|---|---|
| BSNL ടവർ, ചൂണ്ടിക്കൽ, വെള്ളറട പി ഒ | 08 | 740 | 4200 | 29400 | 2013-14 To 2020-21 |
| മോഹനകൃഷ്ണൻ. വി, പ്രിൻസിപ്പൽ ഫൈനാൻസ് ഓഫീസർ, കേരള സർക്കിൾ, ഭാരതി ടൗവ്വേഴ്സ്, കടവന്തറ, കൊച്ചി-20 | 10 | 340 | 6930 | 48510 | 2013-14 To 2020-21 |
| അസി. ജനറൽ മാനേജർ, (ആസൂത്രണം) പ്രിൻസിപ്പൽ ജനറൽ മാനേജരുടെ ഓഫീസ്, ഉപ്പളം റോഡ്, സ്റ്റാച്ച്യു, തിരുവനന്തപുരം | 11 | 304/A | 7560 | 52920 | 2013-14 To 2020-21 |
| അസി. ജനറൽ മാനേജർ, (ആസൂത്രണം) പ്രിൻസിപ്പൽ ജനറൽ മാനേജരുടെ ഓഫീസ്, ഉപ്പളം റോഡ്, സ്റ്റാച്ച്യു, തിരുവനന്തപുരം | 15 | 702/A | 7560 | 52920 | 2013-14 To 2020-21 |
| മോഹനകൃഷ്ണൻ. വി, പ്രിൻസിപ്പൽ ഫൈനാൻസ് ഓഫീസർ, കേരള സർക്കിൾ, ഭാരതി ടൗവ്വേഴ്സ്, കടവന്തറ, കൊച്ചി-20 | 15 | 833 | 3360 | 23520 | 2013-14 To 2020-21 |

ഇത് സംബന്ധിച്ച് 12.09.2021 ൽ നൽകിയ 02 നമ്പർ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ റവന്യൂ റിക്കവറി ഡിമാന്റ് നോട്ടീസുകൾ നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്. മൊബൈൽ ടവറുകളുടെ വസ്തുനികുതി ഇനത്തിൽ ലഭിക്കേണ്ട നികുതി കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഭാഗത്തു നിന്നും സത്വര നടപടികൾ ഉണ്ടാകേണ്ടതാണ്.

## 1-15 കരാർപത്രം (എഗ്രിമെന്റ്) ചമച്ചിട്ടില്ല

വാടകയുമായി ബന്ധപ്പെട്ട ഫയലുകളും രജിസ്റ്ററുകളും അനുബന്ധ രേഖകളും പരിശോധിച്ചതിൽ പഞ്ചായത്ത് വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാരണത്താൽ കരാർ പുതുക്കുവാനും കഴിഞ്ഞിട്ടില്ല. പനച്ചമൂട് കാർഷിക വിപണന കേന്ദ്രം, പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സ്, പനച്ചമൂട് മാർക്കറ്റ്, വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ് എന്നിവിടങ്ങളിലെ കടമുറികളുടെ വാടകക്കരാറാണ് നാളിതുവരെ ചമയ്ക്കുവാനോ പുതുക്കുവാനോ സാധിക്കാത്തത് അധികൃതരുടെ വീഴ്ചയായി ഓഡിറ്റ് വിലയിരുത്തുന്നു. എഗ്രിമെന്റ് വയ്ക്കാത്തപക്ഷമോ പുതുക്കാത്തപക്ഷമോ വാടക ഒടുക്കുന്നതിൽ വീഴ്ച വരുത്തിയാൽ ആയത് ഈടാക്കുന്നതിന് നിയമപരമായി സാധിക്കുന്നതല്ല. കൂടാതെ മറ്റേതെങ്കിലും തരത്തിലുള്ള നഷ്ടപരിഹാര തുകകളും ഈടാക്കുവാൻ കഴിയാത്ത അവസ്ഥയും സംജാതമാകും. മാത്രമല്ല, കരാറിന്റെ അഭാവത്തിൽ ഈടാക്കുന്ന വാടകയുടെ നിരക്ക്, കൃത്യത എന്നിവ ബോദ്ധ്യപ്പെടാനും സാധിച്ചിട്ടില്ല.

ഇത് സംബന്ധിച്ച് 25.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10ന് ലഭ്യമാക്കിയ മറുപടിയിൽ കോവിഡ്-19 മഹാമാരി കാരണം ലോക്ഡൗൺ ആയ സാഹചര്യത്തിൽ ഷോപ്പിംഗ് കോംപ്ലക്സിലെ മുറികൾ അടഞ്ഞുകിടന്നതിനാൽ വാടകക്കാരുമായി കരാറിലേർപ്പെട്ടിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

## 1-16 പോസ്റ്റ് ഓഫീസ് വാടക രഹിതമായി പ്രവർത്തിക്കുന്നു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പനച്ചമൂട് കാർഷിക വിപണന കേന്ദ്രത്തിലെ 6 നമ്പർ മുറിയിൽ പ്രവർത്തിക്കുന്ന പോസ്റ്റ് ഓഫീസിൽ നിന്നും 2020-21 സാമ്പത്തിക വർഷത്തെ വാടക ഈടാക്കിയില്ല. കൂടാതെ തൻവർഷത്തെ പ്രതിമാസ വാടകയും നിശ്ചയിച്ചിട്ടില്ല.

ഇതിനു കാരണമാരാഞ്ഞ് 25.09.2021 ൽ 10 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ പ്രസ്തുത മുറി വളരെക്കാലമായി പോസ്റ്റ് ഓഫീസായി പ്രവർത്തിച്ചു വരുന്നുവെന്നും വാടക രഹിതമായി നൽകിയിട്ടുള്ള ഈ മുറിയിലെ വൈദ്യുതി കുടിവെള്ള ചാർജ്ജുകൾ പഞ്ചായത്ത് വഹിക്കുന്നില്ലെന്നും വ്യക്തമാക്കിയിട്ടുണ്ട്.

പഞ്ചായത്തിന് വാടകയിനത്തിൽ വരുമാനം ലഭിക്കാവുന്ന മുറി വർഷങ്ങളായി സൗജന്യമായി നൽകുന്നത് ഒട്ടും ആശാസ്യമല്ല. കൂടാതെ ഇതിനു നിദാനമായ പഞ്ചായത്ത് കമ്മിറ്റി തീരുമാനങ്ങളോ സർക്കാർ ഉത്തരവുകളോ മറ്റേതെങ്കിലും രേഖകളോ ഉണ്ടെങ്കിൽ ആയത്, ഓഡിറ്റ് ആവശ്യപ്പെട്ടിട്ടും ഹാജരാക്കിയില്ല. ഈ മുറി വാടക നിശ്ചയിച്ച് പോസ്റ്റ് ഓഫീസിനു നൽകി, കൃത്യമായി വാടക ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-17 കടമുറികൾ വാടകയ്ക്ക് നൽകാൻ കഴിയാത്തതിനാൽ വരുമാന നഷ്ടം

പനച്ചമൂട് കാർഷിക വിപണന കേന്ദ്രത്തിലെ കടമുറികൾ, പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ, വെള്ളറട ഷോപ്പിംഗ് കോംപ്ലക്സിലെ കടമുറികൾ എന്നിവയിലെ മുറികൾ പലതും 2020-21 സാമ്പത്തിക വർഷം വാടകയ്ക്ക് നൽകുവാൻ കഴിയാതെ ഒഴിഞ്ഞു കിടന്നതിനാൽ തനത് ഫണ്ടിന് വരുമാന ശോഷണം ഉണ്ടായിട്ടുണ്ട്. ഇതിനു പുറമെ പ്രസ്തുത മുറികളുടെ വൈദ്യുതി, വെള്ളം തുടങ്ങിയവയുടെ ചെലവുകൾ പഞ്ചായത്താണ് വഹിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| സ്ഥാപനത്തിന്റെ പേര് | ആകെ മുറികളുടെ എണ്ണം | വാടകയ്ക്ക് നൽകിയ മുറികളുടെ എണ്ണം | മറ്റ് ആവശ്യങ്ങൾക്കുപയോഗിക്കുന്ന മുറികളുടെ എണ്ണം | ഒഴിഞ്ഞു കിടക്കുന്ന മുറികളുടെ എണ്ണം |
|---|---|---|---|---|
| പനച്ചമൂട് കാർഷിക വിപണന കേന്ദ്രം | 17 | 12 | 01 | 04 |
| പനച്ചമൂട് ഷോപ്പിംഗ് കോംപ്ലക്സ് | 52 | 49 | 01 | 03 |
| വെള്ളറട ഷോപ്പിംഗ് കോംപ്ലക്സ് | 14 | 12 | 01 | 01 |

കടമുറികൾ ഒഴിഞ്ഞുകിടക്കുന്നതു സംബന്ധിച്ച് 25.09.2021 ൽ 10 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ഒഴിഞ്ഞു കിടക്കുന്ന മുറികൾ പലതവണ ലേലം നടത്തിയിട്ടും ലേലം കൊള്ളാൻ ആരും ഇല്ലായിരുന്നു എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഒഴിഞ്ഞു കിടക്കുന്ന എല്ലാ മുറികളും ലേലം ചെയ്ത് നൽകി തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-18 യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാൽ മുറി വാടകയ്ക്ക് നൽകുവാൻ കഴിയുന്നില്ല

വെള്ളറട ഷോപ്പിംഗ് കോംപ്ലക്സിലെ 7 നമ്പർ മുറി യഥാസമയം അറ്റകുറ്റപണികൾ നടത്താത്തതിനാൽ ഉപയോഗശൂന്യമായി ഒഴിഞ്ഞു കിടക്കുകയാണ്. ഇക്കാരണത്താൽ ഈ മുറി വാടകയ്ക്ക് കൊടുക്കുവാൻ കഴിയാത്തതു കൊണ്ടുതന്നെ തനതു വരുമാനത്തിനു ശോഷണം സംഭവിക്കുന്നു. ആയതിനാൽ ഇത് അടിയന്തരമായി അറ്റകുറ്റപണികൾ ചെയ്ത് വാടകയ്ക്ക് നൽകുവാൻ ശ്രദ്ധിക്കേണ്ടതാണ്.

ഇതു സംബന്ധിച്ച 25.09.2021 ൽ നൽകിയ 10 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് മെയിന്റനൻസ് നടത്തി ലേലം ചെയ്തു നൽകുന്നതാണെന്ന വിവരം ബോധിപ്പിച്ചു കൊള്ളുന്നുവെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-19 വാടകയിൽ ഇളവ് അനുവദിച്ചു

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വിവിധ ഷോപ്പിംഗ് കോംപ്ലക്സുകൾ, മാർക്കറ്റ് സ്റ്റാളുകൾ എന്നിവയിലെ കടമുറികളിലെ വാടകക്കാരിൽ നിന്നും 2020-2021 സാമ്പത്തിക വർഷത്തെ 10000/-രൂപ വരെയുള്ള വാടകതുക ഇളവു ചെയ്ത് കൊടുത്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ലോക്ഡൗൺ കാരണം കടകൾ തുറന്നു പ്രവർത്തിക്കാത്തതിനാൽ സ.ഉ. (സാധാ) നം. 1278/2020/ത സ്വ ഭ വ തീയതി. 29.06.2020 ലെ വ്യവസ്ഥകൾ പ്രകാരവും സ.ഉ. (സാധാ) നം. 1410/2021/ ത സ്വ ഭ വ തീയതി. 27.07.2021 ലെ വ്യവസ്ഥകൾ പ്രകാരവും 27.10.2020 തീയതി നടന്ന സാധാരണ യോഗത്തിലെ 13/01 നമ്പർ തീരുമാനമനുസരിച്ചും കടമുറികൾ ലേലം കൊണ്ടിരിക്കുന്ന വ്യക്തികളുടെ വാടകയിളവിനുവേണ്ടിയുള്ള അപേക്ഷകൾ കണക്കിലെടുത്ത് പ്രതിമാസവാടകയിൽ ഇളവ് 10000/-രൂപ വരെ കിഴിവ് അനുവദിച്ചിട്ടുണ്ട്.

കിഴിവ് തുകയ്ക്ക് ഉപരിയായി വാടക കുടിശ്ശിക വരുത്തിയിട്ടുള്ള വാടകക്കാരുടെ കുടിശ്ശിക നിർണ്ണയിച്ച് ആയത് പിഴപ്പലിശ സഹിതം പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇതു സംബന്ധിച്ച് 25.09.2021 ൽ നൽകിയ ഓഡിറ്റ് എൻക്വയറി നം.10ന് തുക പിരിച്ചെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.തുടർ നടപടി വിവരങ്ങൾ ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 1-20 കുളങ്ങൾ ലേലം ചെയ്തു നല്കിയിട്ടില്ല

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുളങ്ങൾ മത്സ്യം വളർത്തുന്നതിനു വേണ്ടി 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ലേലം ചെയ്തു നല്കിയിട്ടില്ല. വിവിധ വാർഡുകളിലെ പൊതു കുളങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് | കുളത്തിന്റെ പേര് |
|---|---|---|
| 01 | ആറാട്ടുകുഴി | നൂലിയം കുളം |
| 02 | ആറാട്ടുകുഴി | ആറാട്ടുകുഴി കുളം |
| 03 | വെള്ളറട | ചിറത്തലയ്ക്കൽ കുളം |
| 04 | മാന്നൂർ | തുടക്കോട് കുളം |
| 05 | മാന്നൂർ | കാട്ടു കുളം |
| 06 | പൊന്നമ്പി | ഇരിഞ്ഞനംപള്ളി കുളം |
| 07 | കൃഷ്ണപുരം | പൊട്ടൻചിറ കുളം |
| 08 | കൃഷ്ണപുരം | വേങ്കോട് കുളം |
| 09 | വേങ്കോട് | വാഴവിളക്കുഴി കുളം |
| 10 | വേങ്കോട് | ആറുമണിക്കോണം കുളം |
| 11 | പഞ്ചാകുഴി | മുള്ളിലവുവിള കുളം |
| 12 | പഞ്ചാകുഴി | പങ്കിയാർ കുളം |
| 13 | പഞ്ചാകുഴി | പനയറക്കോണം കുളം |
| 14 | കരിക്കമൻകോട് | പാലോട്ടുകോണം കുളം |
| 15 | കരിക്കമൻകോട് | കോട്ടന്നൂർകോണം കുളം |

| | | |
|---|---|---|
| 16 | മുണ്ടനാട് | പുലകിൽകോണം (പാലപ്പള്ളി) കുളം |
| 17 | മുണ്ടനാട് | ചാമവിള കുളം |
| 18 | പാട്ടംതലയ്ക്കൽ | കോട്ടിച്ചിറ കുളം |
| 19 | പാട്ടംതലയ്ക്കൽ | തെറ്റിയറ കുളം |
| 20 | പാട്ടംതലയ്ക്കൽ | അരുവാട്ടുകോണം കുളം |

ഇതിൽ മത്സ്യം വളർത്തുന്നതിനായി ചിറത്തലയ്ക്കൽ കുളം, കാട്ടു കുളം എന്നീ രണ്ടു കുളങ്ങൾ മാത്രമെ 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് യഥാക്രമം 1750/-രൂപയ്ക്കും 1700/-രൂപയ്ക്കും ലേലം ചെയ്തു നല്കിയിട്ടുള്ളൂ. ഇതു സംബന്ധിച്ച് 25.09.2021 ൽ 10 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ബാക്കിയുള്ളവ ലേലം ചെയ്തെങ്കിലും പങ്കെടുക്കാൻ ആളില്ലാത്തതിനാൽ ലേലം നടക്കുകയുണ്ടായില്ല എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

കുളങ്ങൾ കൃത്യമായി ലേലം ചെയ്തു കൊടുത്ത് തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഉചിതമായ നടപടികൾ സ്വീകരിക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 1-21 പെർമിറ്റ് അപേക്ഷകളിൽ അപേക്ഷഫീസ് ഈടാക്കിയിട്ടില്ല

പഞ്ചായത്തിൽ നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനായി പെർമിറ്റ് നിയമാനുസൃതം എടുക്കേണ്ടതാണ്. കേരള പഞ്ചായത്ത് രാജ് റൂൾ 130(4) പ്രകാരം പെർമിറ്റിനായി സമർപ്പിക്കുന്ന അപേക്ഷയോടൊപ്പം നിശ്ചിത ഫീസും അടയ്ക്കേണ്ടതുമാണ്.2020-21ഏതാനും പെർമിറ്റ് അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന അപേക്ഷകളിൽ നിന്നും നിശ്ചിതഫീസ് ഈടാക്കിയിട്ടില്ലായെന്ന് കണ്ടെത്തി.

| ക്രമനമ്പർ | ഫയൽ നമ്പർ | തിയതി |
|---|---|---|
| 1 | A4-4300/20 | 30-6-20. |
| 2 | A4-4813/20 | - |
| 3 | A4-5407/20 | 4-9-20 |
| 4 | A4-5686/20 | 16-9-20 |
| 5 | A4-6188/20 | 30-9-20 |
| 6 | A4-6199/20 | 30-9-20 |
| 7 | A4-6202/20 | 30-9-20 |
| 8 | A4-6205/20 | 30-9-20 |
| 9 | A4-6168/20 | 29-9-20 |
| 10 | A4-6310/20 | 5-10-20 |
| 11 | A4-6909/20 | 22-10-20 |
| 12 | A4-6910/20 | 22-10-21 |
| 13 | A4-7897/20 | 24-11-20 |
| 14 | A4-8141/20 | 7-12-20 |
| 15 | A4-692/21 | 21-1-21 |

പെർമിറ്റ് അപേക്ഷാ രജിസ്റ്റർ പരിശോധിച്ചതിൽ അപേക്ഷഫീസ് അടച്ചതിന്റെ രസീത് നമ്പരുകൾ രേഖപ്പെടുത്താത്ത അപേക്ഷകളെ കുറിച്ച് നൽകിയ അന്വേഷണകുറിപ്പ് 10/21(A)-ന് നൽകിയ മറുപടിയിൽ 15 അപേക്ഷകളിൽ ഫീസ് അടച്ചിട്ടില്ലായെന്നും സഞ്ചയ സോഫ്റ്റ്‌വെയർ പരിശോധിച്ച് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിനെ അറിയിക്കുന്നതാണെന്ന മറുപടിയാണ് നൽകിയത്. എന്നാൽ പെർമിറ്റ് അപേക്ഷകളിൽ സർക്കാർ നിശ്ചയിച്ച 30/-രൂപ ഫീസ് ഈടാക്കേണ്ടതാണെങ്കിൽ അത്തരം ഫീസ് ഈടാക്കേണ്ടത് ആഫീസ് അധികാരിയുടെ ചുമലതയാണ്. ആയതിനാൽ അപേക്ഷകൾ പരിശോധിച്ച് ഫീസ് അടവാക്കിയതിന്റെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതതും, അല്ലാത്തപക്ഷം നഷ്ടമായ തുക (450/-രൂപ) സെക്രട്ടറിയിൽ നിന്നും ഈടാക്കേണ്ടതുമാണ്.

## 1-22 ദുരിതാശ്വാസ നിധി നിർജീവം -പ്രവർത്തനം വിപുലമാക്കേണ്ടതാണ്.

2003-ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങളിലെ 3-ാം ചട്ടപ്രകാരം പേമാരി, വെള്ളപ്പൊക്കം, മാറാരോഗങ്ങൾ തുടങ്ങിയവയ്ക്ക് വിധേയരാവുന്നവർക്ക് അടിയന്തരധനസഹായം നൽകുന്നതിന് ഓരോ ഗ്രാമപഞ്ചായത്തും ഓരോ പ്രമേയം മൂലം ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും വേറിട്ട് സൂക്ഷിക്കുന്ന ഒരു ദുരിതാശ്വാസ നിധി രൂപീകരിക്കേണ്ടതാണ്. ധനശേഖരണാടിസ്ഥമുള്ള കലാ-കായിക -വിനോദ പരിപാടികൾ സംഘടിപ്പിച്ചും വ്യക്തികൾ, സംഘടനകൾ, സ്ഥാപനങ്ങൾ എന്നിയിൽനിന്ന് സംഭാവനകൾ സ്ഥീകരിച്ചും ദുരിതാശ്വാസനിധി രൂപീകരിക്കുന്നതിനാവശ്യമായ ധനം സ്വരൂപിക്കാവുന്നതാണ്. നിധിയുടെ വരവ്- ചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ഒരു ദേശസാൽകൃത ബാങ്കിൽ അല്ലെങ്കിൽ സഹകരണബാങ്കിൽ സെക്രട്ടറിയുടെ പേരിൽ ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങേണ്ടതും, ലഭിക്കുന്ന സംഭാവനകൾക്ക് അച്ചടിച്ച ഫാറത്തിലുള്ള രസീതുകൾ നൽകേണ്ടതുമാണ്. ഗ്രാമപഞ്ചായത്തിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടിണ്ടോയെന്ന എന്ന വിവരം ലഭ്യമാക്കുന്നതിന് നൽകിയ അന്വേഷണകുറിപ്പ് 1/2021-ന് നൽകിയ മറുപടിയിൽ ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടുണ്ടെന്നും 2018-ൽലഭിച്ച 2750/-രൂപ പ്രത്യേക അക്കൗണ്ടിൽ സൂക്ഷിച്ചിട്ടുണ്ടെന്നും 2021 മാർച്ച് 31വരെ 3496/-രൂപ നീക്കിബാക്കിയുണ്ടെന്നും, എന്നാൽ ആർക്കും തന്നെ സഹായധനം നൽകിയിട്ടില്ലായെന്നും അറിയിച്ചു. ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന നിർദ്ധനരായ ജനങ്ങൾക്ക് ദുരിതകാലത്ത് കൈതാങ്ങായി മാറുന്ന ദുരിതാശ്വാസനിധിയിലേയ്ക്ക് പൊതുജനങ്ങളിൽ നിന്നും സംഭാവന സ്വീകരിച്ചും മറ്റ് മാർഗങ്ങൾ വഴിയും ധന സമാഹരണം നടത്തി ഏറ്റവും അർഹർക്ക് വേണ്ടസമയത്ത് ധനസഹായം എത്തിയ്ക്കാൻ ഭരണസമിതി ആവശ്യമായ നടപടി സ്വീകരിക്കാവുന്നതാണ്.

## 1-23 വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല-തുക 38,60,721/- തടസ്സപ്പെടുത്തുന്നു

2020-' 21 വർഷത്തിൽ സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായ താഴെപ്പറയുന്ന പദ്ധതികളിൽ (ഡെപ്പോസിറ്റ് വർക്ക്), നിർവ്വഹണ ഏജൻസികൾ

ഡെപ്പോസിറ്റ് തുക കൈപ്പറ്റിയതിന് രസീത് നൽകുകയോ, പദ്ധതി പൂർത്തീകരിച്ചതിന്റെ വിനിയോഗ സാക്ഷ്യപത്രം നൽകുകയോ ചെയ്തിട്ടില്ല.

| ക്രമ നമ്പർ | പദ്ധതി നമ്പർ | പദ്ധതിയുടെ പേര് | നിർവ്വഹണ ഏജൻസി | കൈപ്പറ്റിയ തുക | ബിൽ നമ്പർ |
|---|---|---|---|---|---|
| 1 | 165/2020-'21 | അടിക്കലം - കാറ്റാടി കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ള്യൂ.എ. | 1,46,300 | 15/04.10.2020 |
| 2 | 166/2020-'21 | മൈലക്കുന്ന് പൊന്നടിഞ്ഞാൻ കാവ് കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ള്യൂ.എ. | 4,95,000 | 20/04.10.2020 |
| 3 | 206/2020-'21 | കാസാ റോഡ് - മണ്ണാംകോണം കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ള്യൂ.എ. | 3,70,100 | 17/09.10.2020 |
| 4 | 291/2020-'21 | ഗവ: എൽ.പി.എസ് ഡാല്യുമുഖം - കുടിവെള്ള കണക്ഷൻ | കെ.ഡബ്ള്യൂ.എ. | 35,000 | 19/09.10.2020 |
| 5 | 292/2020-'21 | അംഗൻവാടികളിൽ കുടിവെള്ള കണക്ഷൻ | കെ.ഡബ്ള്യൂ.എ. | 92,100 | 16/09.10.2020 |
| 6 | 302/2020-'21 | മരപ്പാല - മുട്ടൂർ കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | കെ.ഡബ്ള്യൂ.എ. | 9,14,000 | 18/09.10.2020 |
| 7 | 228/2020-'21 | തെരുവ് വിളക്ക് സ്ഥാപിക്കുന്നതിന് പുതിയ ലൈൻ | കെ.എസ്.ഇ.ബി. | 11,44,181 | 3,4/13.09.2020 |
| 8 | 229/2020-'21 | പുതിയ വൈദ്യുതി ലൈൻ സ്ഥാപിക്കൽ | കെ.എസ്.ഇ.ബി. | 4,97,896 | 12/13.09.2020 |
| 9 | 339/2020-'21 | മാർഗ്ഗ തടസ്സമായി നിൽക്കുന്ന വൈദ്യുതി പോസ്റ്റ് മാറ്റൽ | കെ.എസ്.ഇ.ബി. | 1,66,144 | 39/23.03.2021 |
| | | **ആകെ** | | **38,60,721** | |

## 1-24 വാഹന പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽ KL 19 B 7877 എന്ന നമ്പരിലുള്ള Bolero Jeep KL 19 B 3976 എന്ന നമ്പരിലുള്ള ടിപ്പർ എന്നീ വാഹനങ്ങളാണുള്ളത്. ഇവയുടെ പരിപാലനം സംബന്ധിച്ച് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

**ഇൻഷ്വറൻസ് കേരള സർക്കാർ വകുപ്പിൽ നിന്നും എടുത്തിട്ടില്ല.**

KL 19 B 7877, KL 19 B 3976 എന്നീ നമ്പരുകളിലുള്ള ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷ്വറൻസ് ദി ന്യൂ ഇന്ത്യ അഷ്വറൻസ് ലിമിറ്റഡിൽ നിന്നുമാണ് എടുത്തിട്ടുള്ളത്. ഇത് ഔദ്യോഗിക വാഹനങ്ങളുടെ ഇൻഷ്വറൻസ് സംബന്ധിച്ച് പുറപ്പെടുവിച്ച സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്ക് കടകവിരുദ്ധമായ നടപടിയാണ്. 18.04.2000 ലെ ജി.ഒ.(പി) നം. 819/2000 ഫിൻ ഉത്തരവു പ്രകാരം ഗവ. വകുപ്പുകൾ, പൊതുമേഖല സ്ഥാപനങ്ങൾ, സർക്കാർ നിയന്ത്രിത സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ എന്നിവിടങ്ങളിലെ ഔദ്യോഗിക വാഹനങ്ങളുടെ തേർഡ് പാർട്ടി ഇൻഷ്വറൻസ് കേരള സംസ്ഥാന ഇൻഷ്വറൻസ് വകുപ്പിൽ നിന്നും എടുക്കേണ്ടതാണെന്ന് നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്.

മേൽ അപാകത സംബന്ധിച്ച് 23.09.2021 ൽ 05 ആം നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിക്ക ലഭ്യമാക്കിയ മറുപടിയിൽ കേരള സർക്കാരിന്റെ ഇൻഷ്വറൻസ് തുകയേക്കാൾ കുറവായതുകൊണ്ടാണ് വേറെ ഇൻഷ്വറൻസ് എടുത്തതെന്നും അടുത്ത ഇൻഷ്വറൻസ് എടുക്കുമ്പോൾ സർക്കാർ നിർദ്ദേശം പാലിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.

**പുക പരിശോധയ്ക്ക് (Pollution Test)വിധേയമാക്കിയിട്ടില്ല.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 B 7877 Bolero Jeep വാഹനത്തിന്റെ 2020-21 സാമ്പത്തിക വർഷം പുക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടില്ല. വാഹനത്തെ സംബന്ധിച്ച രേഖകളുടെ പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്. ഈ വിഷയം ചൂണ്ടിക്കാട്ടി 23.09.2021 തീയതിയിൽ 05 നമ്പരായി നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് ലഭ്യമാക്കിയ മറുപടിയോടൊപ്പം 24.09.2021 ലെ പുക പരിശോധന സർട്ടിഫിക്കറ്റാണ് ഹാജരാക്കിയത്. ഔദ്യോഗിക വാഹനങ്ങൾ നിഷ്കർഷിക്കപ്പെട്ട ഇടവേളകളിൽ പുക പരിശോധനയ്ക്ക് വിധേയമാക്കേണ്ടത് കസ്റ്റോഡിയൻ ഓഫീസറുടെ ചുമതലയാണ്.

**വാഹനം ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റിന് വിധേയമാക്കിയിട്ടില്ല.**

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള KL 19 B 7877 Bolero Jeep വാഹനത്തിന്റെ 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് ബാധകമായ ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ല ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിശോധനയിലാണ് ഇക്കാര്യം ബോദ്ധ്യപ്പെട്ടത്.

ഇതു സംബന്ധിച്ച് 23.09.2021 തീയതിയിൽ 05 നമ്പരായി ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തിയിട്ടില്ലെന്ന മറുപടിയാണ് ലഭ്യമാക്കിയത്. യഥാസമയം ഇന്ധനക്ഷമത ടെസ്റ്റ് നടത്തിയിട്ടില്ലാത്തതിനാൽ മൈലേജ് കൃത്യമായി നിർണ്ണയിക്കാൻ കഴിയാതെ വരികയും തത്ഫലമായി ഇന്ധന ചെലവ് വർദ്ധിക്കുന്നതിനും വാഹനം ദുരുപയോഗം ചെയ്യുന്നതിനും കാരണമാകുന്നു. ആയതിനാൽ സമയബന്ധിതമായി ഫ്യൂവൽ കൺസംപ്ഷൻ ടെസ്റ്റ് നടത്തുവാൻ കസ്റ്റോഡിയൻ ഓഫീസർ ശ്രദ്ധിക്കേണ്ടതാണ്.

## 1-25 ലോഗ്ബുക്ക് പരിപാലനത്തിലെ അപാകതകൾ

പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള വാഹനത്തിന്റെ ലോഗ്ബുക്കുകൾ നിയമാനുസൃതമായ രീതിയിൽ പരിപാലിക്കുന്നില്ല. ലോഗ്ബുക്കുകളുടെ പരിപാലനത്തിൽ കെ.എഫ്.സി വാല്യം.I പ്രകാരം കെ.എഫ്.സി വാല്യം.II ൽ നൽകിയിട്ടുള്ള 48എ, 48ബി എന്നീ ഫോറങ്ങളിലെ വ്യവസ്ഥകളും കേരള

സർക്കാർ ധനകാര്യ പരിശോധനാ വിഭാഗം (നോൺ ടെക്നിക്കൽ-എഫ്) വകുപ്പ് പുറപ്പെടുവിച്ച 2.08.2008 ലെ 41/2008/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകളും 30.06.07 ലെ ജി.ഒ.(എം.എസ്) 170/07 ത.സ്വ.ഭ.വ എന്ന ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളും കർശനമായി പാലിക്കേണ്ടതാണ്. 2020-21 സാമ്പത്തിക വർഷത്തെ ലോഗ്ബുക്കുകളുടെ പരിശോധനയിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1. ഫുൾടാങ്ക് ഇന്ധനം നിറയ്ക്കുകയോ ഇന്ധനം നിറച്ച വിവരം രേഖപ്പെടുത്തുകയോ ചെയ്യുന്നില്ല.

വാഹനത്തിന്റെ ഇന്ധനടാങ്ക് പൂർണ്ണമായും നിറയ്ക്കേണ്ടതാണ്. നിയന്ത്രണ ഉദ്യോഗസ്ഥന്റെ വ്യക്തിപരമായ മേൽനോട്ടത്തിലോ അല്ലെങ്കിൽ നിയന്ത്രണാധികാരി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥന്റെ മേൽനോട്ടത്തിലോ ഇന്ധനം നിറയ്ക്കേണ്ടതാണ്. തീയതി, ഓരോ പ്രാവശ്യവും നിറച്ച ഇന്ധനത്തിന്റെ ആകെ അളവ്, ഇന്ധനം നിറയ്ക്കുമ്പോഴുള്ള കിലോമീറ്റർ റീഡിംഗ്, ആ സമയത്ത് വാഹനത്തിലുണ്ടായിരുന്ന ഇന്ധനത്തിന്റെ മുൻബാക്കി എന്നിവ ലോഗ്ബുക്കിൽ എഴുതിയതിനുശേഷം ടാങ്ക് നിറയ്ക്കുമ്പോൾ സന്നിഹിതനായിരുന്ന ഉദ്യോഗസ്ഥന്റെ പേരും ഒപ്പും ഉദ്യോഗപ്പേരും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതുണ്ടെന്നതിന് ബന്ധപ്പെട്ട അധികാരികൾ ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ വാഹനത്തിന്റെ ടാങ്ക് കപ്പാസിറ്റിയും ലോഗ്ബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്.

2. ഇന്ധനക്ഷമത ടെസ്റ്റ് സർട്ടിഫിക്കറ്റ് പതിച്ചിട്ടില്ല.

ഇന്ധനക്ഷമത ടെസ്റ്റ് എല്ലാ വർഷവും കൃത്യസമയത്തു നടത്തേണ്ടതും സർട്ടിഫിക്കറ്റ് ലോഗ്ബുക്കിൽ പതിക്കേണ്ടതുമാണ്.

മേൽ അപാകതകൾക്ക് വിശദീകരണമാരാഞ്ഞ് 23.09.2021 ന നൽകിയ 05 നമ്പർ ഓഡിറ്റ് എൻക്വയറിക്ക് അപാകതകൾ പരിഹരിക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വാഹനത്തിന്റെ കസ്റ്റോഡിയനായ സെക്രട്ടറിയും, പരിപാലന ചുമതലയുള്ള ഉദ്യോഗസ്ഥരും മേൽപ്പറഞ്ഞ അപാകതകൾ പരിഹരിക്കേണ്ടതും വാഹനത്തിന്റെ ഉപയോഗവും പരിപാലനവും ലോഗ്ബുക്കുകളുടെയും അനുബന്ധ രേഖകളുടെയും പരിപാലനവും നിയമപ്രകാരമാണെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്.

## 1-26 മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കൽ- അപാകത

മരാമത്ത് പണികളുടെ എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ കൃത്യമായ സ്ഥലപരിശോധന നടത്തി അതിനനുസൃതമായ പ്രവൃത്തി നിർവ്വഹണം നടത്തേണ്ടതാണെന്ന് സർക്കുലർ നമ്പർ ഇ20/6699/2018/സി.ഇ./ത.സ്വ.ഭ.വ. തീയതി 21.06.2018 പ്രകാരം നിർദ്ദേശിച്ചിട്ടുണ്ട്. എസ്റ്റിമേറ്റ് തയ്യാറാക്കും മുമ്പുള്ള വിശദമായ സൈറ്റ് പരിശോധനയുടെ പ്രാധാന്യം കെ.പി.ഡബ്ല്യൂ.ഡി.മാന്വൽ ഖണ്ഡിക 1601.1.2 ലും പ്രതിപാദിച്ചിട്ടുണ്ട്. വെള്ളറട ഗ്രാമ പഞ്ചായത്തിൽ എ.ഇ.നിർവ്വഹണ ഉദ്യോഗസ്ഥനായ നിരവധി പദ്ധതികൾ ഇപ്രകാരം സ്ഥല പരിശോധന നടത്താതെയും, ഗുണഭോക്താക്കളുമായി ചർച്ച നടത്താതെയും എസ്റ്റിമേറ്റ് തയ്യാറാക്കുന്നത് മൂലം നിർവ്വഹണ ഘട്ടത്തിൽ പല പദ്ധതികളിലും കാതലായ മാറ്റങ്ങൾ വരുത്തി, എസ്റ്റിമേറ്റ് ഭേദഗതി ചെയ്യേണ്ടിവന്നതായി കാണുന്നു. 2019- '20 ൽ ഇരുപതോളം പദ്ധതികളും, 2020-' 21 ൽ പത്തിലധികം പദ്ധതികളിലും ഇപ്രകാരം മാറ്റം വരുത്തിയതായും കാണുന്നു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു. ഇത് സംബന്ധിച്ച് 28.09.2021 ന് നൽകിയ 41/19-20, 15/20-21 ഓഡിറ്റ് അന്വേഷണങ്ങൾക്ക് നൽകിയ മറുപടിയിൽ, സ്ഥല സന്ദർശനം നടത്തി തന്നെയാണ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതെന്നും, എന്നാൽ പ്രവൃത്തി ആരംഭിക്കുന്ന ഘട്ടത്തിൽ, അപ്പോഴുള്ള സാഹചര്യം അനുസരിച്ച് പലവിധ അഭിപ്രായങ്ങൾ ജനങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകും എന്നും, എസ്റ്റിമേറ്റ് എടുക്കാൻ പോകുമ്പോൾ ഉള്ള ആവശ്യങ്ങളിൽ നിന്നും വ്യത്യസ്തമായിരിക്കും പ്രവൃത്തി ആരംഭിക്കുന്ന സമയത്ത് ഉന്നയിക്കുന്ന ആവശ്യങ്ങളെന്നും, പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിന് ഈ രീതിയിൽ ഭേദഗതികൾ ആവശ്യമായി വരുമെന്നും എ.ഇ. അറിയിച്ചിട്ടുണ്ട്. എന്നാൽ ഭേദഗതികൾ പരിശോധിച്ചതിൽ പല ഭേദഗതികളും, വിശദമായ സ്ഥലപരിശോധനയുടെ അഭാവത്തിൽ ഉണ്ടായതാണെന്ന് കാണാവുന്നതാണ്. ഭേദഗതികൾ എല്ലാം തന്നെ ചട്ടപ്രകാരം പഞ്ചായത്ത് കമ്മിറ്റി അറിയിച്ചിട്ടുണ്ട്. എങ്കിലും പ്രവൃത്തി അനുവദിക്കുന്ന ഘട്ടത്തിൽ വരുത്തുന്ന ഭേദഗതികൾ, സമയ നഷ്ടത്തിനും, പദ്ധതി വൈകാനും ഇടയാക്കും എന്നതിനാൽ പദ്ധതി രൂപീകരണ വേളയിൽ തന്നെ കൃത്യമായ സ്ഥലപരിശോധന നടത്താനും ഗുണഭോക്താക്കളുമായി ആശയവിനിമയം നടത്താനും ശ്രദ്ധിക്കേണ്ടതാണ്.

## 1-27 കരാറുടമ്പടി വയ്ക്കാൻ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല

കേരള പൊതുമരാമത്ത് വകുപ്പ് മാന്വൽ ജി.ഒ.(പി)13/2012/പി.ഡബ്ല്യൂ.ഡി.01/02/2012 സെക്ഷൻ 2009.6 പ്രകാരം ടെണ്ടർ അംഗീകരിച്ച അറിയിപ്പ് ലഭിച്ച് 14 ദിവസത്തിനകം കരാറുകാരൻ നിർവഹണ ഉദ്യോഗസ്ഥനുമായി കരാറുടമ്പടി വയ്ക്കേണ്ടതാണ്. ഇതിന് വീഴ്ച വരുത്തുന്ന പക്ഷം കരാർ തുകയുടെ 1% പിഴ ഈടാക്കിക്കൊണ്ട് 10 ദിവസത്തിനകം കരാർ വയ്ക്കാവുന്നതാണ്. എന്നാൽ പ്രോജക്ട് നം 209/21 ൽ സെലക്ഷൻ നോട്ടീസ് ലഭിച്ച് 14 ദിവസത്തിനകം കരാർ ഒപ്പ് വക്കാൻ സാധിച്ചിട്ടില്ലെങ്കിലും നിയമാനുസൃത പിഴ ഈടാക്കിയിട്ടില്ല. കരാർ തുകയായ 7,87,895/- രൂപയുടെ 1 ശതമാനമായ 7,879/-രൂപ പിഴയായി ഈടാക്കേണ്ടതാണ്.

പിഴ ഈടാക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (18/28.9.2021) ലഭ്യമാക്കിയ മറുപടിയിൽ മേൽ പ്രവൃത്തിയുടെ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കുന്നതാണ് എന്ന് അറിയിച്ചിട്ടുണ്ട്. മേൽ കരാറുകാരനിൽ നിന്ന് പിഴ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടക്കേണ്ടതാണ്. അല്ലാത്ത പക്ഷം നിർവഹണ ഉദ്യോഗസ്ഥന്റെ ബാധ്യതയായി കണക്കാക്കുന്നതാണ്.

## 1-28 ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ മരാമത്ത് പ്രവൃത്തികളിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല

2020-21 വർഷത്തിൽ ഗുണഭോക്തൃ സമിതി മുഖേന നിർവ്വഹണം നടത്തിയ പ്രവൃത്തികളിൽ സർക്കുലർ നമ്പർ 1/1559/2010/സി.ഇ./ ത.സ്വ.ഭ.വ. തീയതി 13.11.2014 പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം. | നിർവഹണം | ബിൽ നം. | ചെലവ് |
|---|---|---|---|
| 397/21 | അംഗൻവാടി ക്ഷേമ സമിതി | 111/11.1.21 | 3,97,979 |
| 387/21 | അദ്ധ്യാപക രക്ഷാകർത്ത് സമിതി | 63/14.8.20 | 7,85,059 |
| 363/21 | അദ്ധ്യാപക രക്ഷാകർത്ത് സമിതി | 41/9.6.20 | 2,56,595 |
| 182/21 | അംഗൻവാടി ക്ഷേമ സമിതി | 116/22.1.21<br>117/22.1.21 | 8,63,409<br>40,841 |
| 132/21 | ഗുണഭോക്തൃ സമിതി | 11/26.3.21 | 46,077 |
| | | | |

| | | | |
|---|---|---|---|
| 131/21 | ഗുണഭോക്തൃ സമിതി | 9/26.3.21 | 43,526 |
| 108/21 | അംഗൻവാടി ക്ഷേമ സമിതി | 121/1.2.21 | 3,23,996 |

സഉ(കൈ)നം.11/2018/ത.സ്വ.ഭ.വ തീയതി 29.01.2018 ഖണ്ഡിക 11.2 (എ) പ്രകാരം 50000/- രൂപയും അതിന് താഴെയും എസ്റ്റിമേറ്റ് തുകയുമുള്ള പ്രവൃത്തികൾ മാത്രം ഗുണഭോക്തൃസമിതി മുഖേന നടപ്പാക്കാവുന്നതാണ്. എന്നാൽ ഖ.11.3.(ബി) പ്രകാരം സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാ ശേഷിയും സന്നദ്ധതയുമുള്ള അദ്ധ്യാപക രക്ഷാകൃത്ത് സമിതികളേയും അംഗൻവാടി ക്ഷേമ സമിതികളേയും ബന്ധപ്പെട്ട സ്കൂളിന്റെ/അംഗൻവാടിയുടെ 50,000/- ന് മുകളിൽ ഉള്ള നിർമാണ പ്രവൃത്തി ടെണ്ടർ കൂടാതെ ഗുണഭോക്തൃ സമിതിക്ക് ബാധകമായ നിബന്ധനകൾ പ്രകാരം നിർവഹണം ഏൽപ്പിക്കാവുന്നതാണ്.

എന്നാൽ കാണിച്ചവയിൽ 50,000/- രൂപക്ക് മുകളിലുള്ള പദ്ധതികളുടെ ഗുണഭോക്തൃ സമിതികൾ ആ സമയത്തെ അദ്ധ്യാപക രക്ഷാകൃത്ത് സമിതി / അംഗൻവാടി ക്ഷേമ സമിതിയാണ് എന്നതിനും ഈ സമിതിക്ക് സ്വന്തം നിലയ്ക്ക് പ്രവൃത്തി ഏറ്റെടുത്ത് നടത്താൻ വേണ്ട സാമ്പത്തിക, സാങ്കേതിക, സംഘടനാ ശേഷിയും ഉണ്ടെന്നതിന് യാതൊരു രേഖയും ലഭ്യമാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (19/28.9.2021) ലഭ്യമാക്കിയ മറുപടിയിൽ മാർഗരേഖയിൽ പറഞ്ഞ പ്രകാരം അദ്ധ്യാപക രക്ഷാകൃത്ത് സമിതി / അംഗൻവാടി ക്ഷേമ സമിതിയാണ് നിർവഹണം നടത്തിയത് എന്നാണ് അറിയിച്ചത്. എന്നാൽ ഗുണഭോക്തൃ സമിതിയുടെ മിനട്സ് പരിശോധിച്ചതിൽ കരാർ ഒപ്പ് വയ്ക്കുന്നതിന് മുൻപായി പുതിയ കമ്മിറ്റികൾ രൂപീകരിക്കുകയാണ് ചെയ്തത് എന്ന് മനസ്സിലാകുന്നു. ഭാവിയിൽ 50,000/- ന് മുകളിൽ ഉള്ള നിർമാണ പ്രവൃത്തികൾ ഏൽപ്പിക്കുമ്പോൾ അദ്ധ്യാപക രക്ഷാകൃത്ത് സമിതി / അംഗൻവാടി ക്ഷേമ സമിതിയാണെന്നും സാമ്പത്തിക, സാങ്കേതിക, സംഘടനാ ശേഷി ഉണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

**<u>മറ്റ് അപാകതകൾ</u>**

1. ഗുണഭോക്തൃ സമിതി രൂപീകരിച്ച യോഗത്തിന്റെ തീയതി രേഖപ്പെടുത്തിയിട്ടില്ല.(പ്രോജക്ട് നം. 387/21, 363/21, 182/21, 108/21)
2. ഗുണഭോക്തൃസമിതിയുടെ കണക്കുകൾ യോഗം ചേർന്ന് അംഗീകരിച്ചിട്ടില്ല. (പ്രോജക്ട് നം. 387/21, 363/21, 182/21, 108/21, 131/21, 132/21)
3. കൺവീനറുടെ വരവ് - ചെലവ് കണക്ക് പുസ്തകം, ദൈനം ദിന ജോലി ഡയറി എന്നിവ പരിശോധനക്ക് ലഭ്യമാക്കിയില്ല. (പ്രോജക്ട് നം. 387/21, 363/21, 182/21, 108/21, 131/21, 132/21)
4. പ്രവൃത്തികൾക്കായി വാങ്ങിയിട്ടുള്ള സാധനങ്ങളുടെ ചെലവ് ബിൽ/വൗചറുകൾ, മസ്റ്റർ റോളുകൾ എന്നിവ തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഇവ നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.(പ്രോജക്ട് നം. 387/21, 363/21, 182/21, 108/21, 131/21, 132/21)

വരും വർഷങ്ങളിൽ ഗുണഭോക്തൃ സമിതി മുഖേന മരാമത്ത് പ്രവൃത്തികൾ നിർവ്വഹണം നടത്തുമ്പോൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്.

## <u>1-29 കാർഷിക മേഖല-ഫയൽ കൈകാര്യം കാര്യക്ഷമമാക്കേണ്ടതാണ്</u>

**കൃഷി ആഫീസർ- പദ്ധതി നിർവഹണത്തിലെ അപാകങ്ങൾ.**

2020-21 വർഷത്തിൽ കൃഷി ആഫീസർ നിർവഹണം നടത്തിയ 9 പദ്ധതികളുമായി ബന്ധപ്പെട്ട ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകങ്ങൾ ചുവടെ ചേർക്കുന്നു.

1.പദ്ധതിയുടെ ഗുണഭോക്താക്കളാകാൻ വേണ്ടി സമർപ്പിക്കപ്പെട്ട എല്ലാ അപേക്ഷകളിലും കൃഷി അസിസ്റ്റന്റ്, നിർവഹണോദ്ധ്യോഗസ്ഥൻ എന്നിവർ ആവശ്യം വേണ്ട അന്വേഷണ റിപ്പോർട്ട് എഴുതി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

2.വിവിധ പദ്ധതികൾ പ്രകാരം ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിനായി വാങ്ങി സൂക്ഷിക്കുന്ന കാർഷിക വിഭവങ്ങൾ/സാധനങ്ങൾ എന്നിവ സ്റ്റോക്കിൽ എടുത്തതിന്റെ വിവരങ്ങൾ രേഖപ്പെടുത്തുന്ന സ്റ്റോക്ക് രജിസ്റ്റർ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല.

3.S0145/20 (പച്ചക്കറി കൃഷി വികസനം), S0367/21 (കിഴങ്ങ്കിറ്റ് വിതരണം) തുടങ്ങിയ പദ്ധതികളുടെ മാർഗരേഖ പ്രകാരം ഒരു യൂണിറ്റ് ലഭിക്കുന്നതിന് ഗുണഭോക്താവിന് 5സെന്റ് വസ്തുവെങ്കിലും സ്വന്തമായി ഉണ്ടാകേണ്ടതാണ്. എന്നാൽ 10 സെന്റ് വസ്തു പോലും ഇല്ലാത്ത ഗുണഭോക്താക്കൾക്ക് 5 യൂണിറ്റുകൾ വരെ അനുവദിച്ചു.

4.അംഗീകാരം ലഭിച്ച പദ്ധതികൾക്ക് വകയിരുത്തിയ മുഴുവൻ തുകയും ചെലവഴിക്കാൻ നിർവഹണോദ്യോഗസ്ഥന് സാധിച്ചിട്ടില്ല.

പദ്ധതി നിർവ്വഹണത്തിൽ അപേക്ഷകളിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ അവശ്യംവേണ്ട റിപ്പോർട്ടുകൾ രേഖപ്പെടുത്തേണ്ടതും വാങ്ങലുകൾക്ക് സ്റ്റോക്ക് രജിസ്റ്റർ പരിപാലിക്കേണ്ടതും, വാങ്ങലിനും വിതരണത്തിനും സർക്കാർ മാനദണ്ഡങ്ങൾ പാലിക്കേണ്ടതുമാണ്.

## <u>1-30 സ്നേഹസ്പർശം - സ്റ്റോക്ക് രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല</u>

പദ്ധതി നമ്പർ-154/2021

പദ്ധതി പേര് - സ്നേഹസ്പർശം

അടങ്കൽ തുക – 17,38,500/-

ചെലവ് തുക – 14,18,500/-

ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ മെയിൻ സ്റ്റോക്ക് രജിസ്റ്ററിലേയും, അംഗനവാടി വർക്കർമാരുടെ സബ് സ്റ്റോക്ക് രജിസ്റ്ററിലേയും സാധനങ്ങളുടെ രേഖപ്പെടുത്തലുകൾ തമ്മിൽ പൊരുത്തപ്പെടുന്നില്ല. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| അംഗനവാടി വർക്കരുടെ പേര് | അംഗനവാടി സെൻ്റർ നമ്പർ | അപാകത |
|---|---|---|
| ലതകമാരി | (75) | അമൃതം ന്യൂട്രി മിക്സിസിൻ്റെ സ്റ്റോക്ക് രജിസ്റ്റർ പെൻസിൽ ഉപയോഗിച്ച് രേഖപ്പെടുത്തുന്നു. |
| ബെറ്റ്സി മേബൽ | (71) | 2020 ജനവരിയിൽ 30 കിലോ അരി മെയിൻ സ്റ്റോക്കിൽ, സബ് സ്റ്റോക്കിൽ ഇല്ല |
| ശ്രീലേഖ | (88) | 2020, ജനവരിയിൽ, മെയിൻ സ്റ്റോക്ക് പ്രകാരം നൽകിയ 50 കിലോ അരി, സബ് സ്റ്റോക്കിൽ |

| | | |
|---|---|---|
| | | എടുത്തത് 70 കിലോ |
| പുഷ്പലത | (76) | 2020, ജൂണിൽ, മെയിൻ സ്റ്റോക്ക് പ്രകാരം നൽകിയ 30.500 കിലോ **അമൃതം ന്യൂട്രി മിക്സ്** , സബ് സ്റ്റോക്കിൽ എടുത്തത് 34 കിലോ<br>**ആഗസ്റ്റിൽ, 2020** മെയിൻ സ്റ്റോക്ക് പ്രകാരം നൽകിയ 31.500 കിലോ **അമൃതം ന്യൂട്രി മിക്സ്** , സബ് സ്റ്റോക്കിൽ എടുത്തത് 30.500കിലോ<br>**സെപ്റ്റംബറിൽ,** മെയിൻ സ്റ്റോക്ക് പ്രകാരം നൽകിയ 31.500 കിലോ **അമൃതം ന്യൂട്രി മിക്സ്** , സബ് സ്റ്റോക്കിൽ എടുത്തത് 30.500കിലോ<br>**ഒക്ടോബറിൽ,** മെയിൻ സ്റ്റോക്ക് പ്രകാരം നൽകിയ 31.500 കിലോ **അമൃതം ന്യൂട്രി മിക്സ്**, സബ് സ്റ്റോക്കിൽ എടുത്തത് 30.500 കിലോ |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/20.09.2021) മറുപടിയായി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയപ്പോൾ വന്നപോയ മനപൂർവമല്ലാത്ത തെറ്റായിട്ടാണ് അറിയിച്ചിരിക്കുന്നത്. നിർവ്വഹണോദ്യോഗസ്ഥൻ കൃത്യമായി അംഗൻവാടികൾ സന്ദർശിക്കേണ്ടതും സ്റ്റോക്ക് രജിസ്റ്ററുകൾ മെയിൻ സ്റ്റോക്കുമായി ഒത്തുനോക്കി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

## 1-31 ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ - കരാർ ലംഘിച്ച് മരുന്നുകൾ വൈകി വിതരണം ചെയ്തു

പദ്ധതി പേര്: ആയൂർവേദ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

പദ്ധതി നമ്പർ:138/2021

അടങ്കൽ തുക: 6,50,000/-

ചെലവ് തുക: 6,50,000/-

ബില്ല് നമ്പർ, തീയതി: 01/2020-'21, 12.11.2020

| | ഇൻവോയ്സ് നമ്പർ/ തീയതി | തുക | മരുന്നുകൾ ലഭിച്ച തീയതി |
|---|---|---|---|
| 1 | 90190430/ 30.11.2020 | 1,24,529/- | 05.12.2020 |
| 2 | 90195088 /18.01.2021 | 70,172/- | 20.01.2021 |
| 3 | 90199168 1/8.02.2021 | 19,977/ - | 19.02.2021 |
| 4 | 90199164 /18.02.2021 | 9,888/- | 19.02.2021 |
| 5 | 90196778/29.01.2021 | 1,96,734/ - | 27.02.2021 |
| 6 | 90200368 /26.02.2021 | 64,812/- | 24.03.2021 |
| 7 | 90204333 /26.03.2021 | 44,347/- | 21.04.2021 |
| 8 | 90207211 / 15.05.2021 | 17,609/- | 17.05.2021 |
| 9 | 90209865/ 31.05.2021 | 65, 452 / - | 24.06.2021 |
| 10 | 90211163 /10.06.2021 | 26,558/- | 24.06.2021 |
| 11 | 90214389 /29.06.2021 | 11.9,923/- | 30.06.2021 |
| **ആകെ** | | | **6,50,001/-** |

ഔഷധിയുമായി ഏർപ്പെട്ട കരാറിൽ ഒന്നാമത്തെ നിബന്ധനയായി മരുന്നുകൾ 60 ദിവസത്തിനകം വിതരണം ചെയ്യുമെന്നും അതിന് കഴിയാത്ത പക്ഷം ഉണ്ടാകുന്ന താമസത്തിന് നഷ്ടപരിഹാരം നൽകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 12.11.2020 മരുന്നുകളുടെ വിലയായ 6,50,000/- രൂപ നൽകിയെങ്കിലും മരുന്നുകൾ പൂർണ്ണമായി ലഭിച്ചത് 30.06.2021 ൽ മാത്രമാണ്. കരാർ ലംഘിച്ച് മരുന്നുകൾ വൈകി വിതരണം ചെയ്തു. ഈ വിഷയവുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (7/24.09.2021) മറുപടിയായി നിരന്തരം ഔഷധിയുമായി മരുന്ന വിതരണം വേഗത്തിലാക്കുവാൻ ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഫലം ഉണ്ടായില്ല എന്നറിയിച്ചു. മരുന്നുകൾ താമസംവിനാ ലഭ്യമാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിക്കേണ്ടതാണ്.

## 1-32 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ- മരുന്നുകൾ ലഭിക്കുന്നതിന് കാലതാമസം നേരിടുന്നു

പദ്ധതി നമ്പർ - 139/2021

പദ്ധതിയുടെ പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ - 1,50,000/-

ചെലവ് - 1,50,000/-

നിർവ്വഹണ ഉദ്യോഗസ്ഥൻ - മെഡിക്കൽ ഓഫീസർ - ആയൂർവേദം

2020-'21 വർഷത്തേക്കുള്ള ഇൻഡന്റ് പ്രകാരമുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസർ (ഹോമിയോ) നൽകിയത് 29.01.2021 ൽ ആണ്. എന്നാൽ അതിനും നേരത്തേ 18.12.2020 ന് തന്നെ ആലപ്പുഴയിലെ ഹോംകോയ്ക്ക് 1,50,000/- രൂപയുടെ മരുന്നുകൾ ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. ഇങ്ങനെ സംഭവിക്കാനുണ്ടായ സാഹചര്യം അറിയിക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (4/23.09.2021) മറുപടിയായി നിരവധി തവണ ഹോംകോയുമായി മരുന്നുകൾ എത്തിക്കാൻ ആവശ്യപ്പെട്ടിരുന്നതായി അറിയിച്ചിട്ടുണ്ട്. മരുന്നുകൾ യഥാസമയം ആവശ്യക്കാരിൽ എത്തിക്കുവാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ അതീവ ജാഗ്രത പുലർത്തേണ്ടതാണ്. കൂടാതെ 01.06.2021 ൽ 14,000/- രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതുവരെയായി ലഭിച്ചിട്ടുള്ളത്.

## 1-33 ഓഡിറ്റ് ഖണ്ഡികകൾ സമയബന്ധിതമായി തീർപ്പാക്കുന്നില്ല.

മുൻ വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ പരാമർശങ്ങളായി നിരീക്ഷിക്കപ്പെട്ട ഖണ്ഡികകൾ വ്യക്തമായ മറുപടികളും, രേഖകളും സമർപ്പിച്ച് പരാമർശങ്ങൾ സമയബന്ധിതമായി ഒഴിവാക്കുന്നതിന് പഞ്ചായത്ത് നടപടി സ്ഥീകരിക്കേണ്ടതുണ്ട് . എന്നാൽ പഞ്ചായത്ത് 2018-19 വരെ പുറപ്പെട്ടന്ന റിപ്പോർട്ടുകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ സത്വര നടപടികൾ സ്വീകരിച്ചിട്ടില്ലായെന്ന് കണ്ടെത്തി. ആയതിനെ സംബന്ധിച്ച് നൽകിയ അന്വേഷണകുറിപ്പ് 01/21-ന് നൽകിയ മറുപടിയിൽ 2020-21 സാമ്പത്തിക വർഷം വരെ 201 ഓഡിറ്റ് പരാമർശങ്ങൾ തീർപ്പാക്കാൻ ഉള്ളതായി മറുപടി നൽകി. തീർപ്പാക്കാൻ അവശേഷിക്കുന്ന പരാമർശങ്ങൾ തീർപ്പാക്കാൻ ഉദ്യോഗസ്ഥ തലത്തിലും, ഭരണതലത്തിലും സത്വര നപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

### 4-1 സാമ്പത്തികനില

| | |
|---|---|
| മുന്നിരിപ്പ് | 62724308 |
| വരവ് | 147189124 |
| ആകെ | 209913432 |
| ചെലവ് | 165582366 |
| നീക്കിയിരിപ്പ് | 44331066 |

### 4-2 സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പദ്ധതിയുടെ പേര് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ബ്ലോക്ക്പഞ്ചായത്ത് | 2020-21 | 680000 | ന്യൂ-ലൈഫ് പദ്ധതി | 680000 | 0 |
| | | 1600000 | ലൈഫ് പദ്ധതി | 1600000 | 0 |
| | | 434625 | സ്നേഹസ്പർശം | 434625 | 0 |
| | | 1141410 | ക്ഷീരസമൃദ്ധി | 1141410 | 0 |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2000000 | ലൈഫ് പദ്ധതി | 2000000 | 0 |
| | | 1000000 | ലക്ഷം വീട് കോളനിയിലെ വീട് പുനരുദ്ധാരണം | 1000000 | 0 |
| | | 114625 | സ്നേഹസ്പർശം | 114625 | 0 |
| | | 1201705 | ക്ഷീരസമൃദ്ധി | 1201705 | 0 |

### 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

**നിക്ഷേപ പ്രവൃത്തികൾക്ക് 2020-21 സാമ്പത്തിക വർഷം നൽകിയ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.**

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | നൽകിയ തുക | ചെലവഴിച്ച തുക | തിരികെ ലഭിച്ച തുക | ചെലവഴിക്കുവാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.ഡബ്ല്യു.എ | കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ | 2052500 | 0 | 0 | 2052500 |

| | | | | | |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുത പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, പുതിയ വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 1808221 | 0 | 0 | 1808221 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ്

**ഇല്ല.**

## 4-5 വായ്പ/വായ്പ തിരിച്ചടവ്

2019-20 സാമ്പത്തിക വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്നതുകയുടെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശം | ഉത്തരവ് നം/ തീയതി | വായ്പതുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ലൈഫ്ഭവനപദ്ധതി | | 4318400 | 107278576 | 8850235 | | 102746741 |

## 4-6 സ്ഥിരനിക്ഷേപങ്ങൾ

| ബാങ്കിന്റെ പേര് | നിക്ഷേപ തീയതി | നിക്ഷേപ തുക | നിക്ഷേപ കാലാവധി പൂർത്തീയാകുന്ന തീയതി |
|---|---|---|---|
| ബാങ്ക് ഓഫ് ബറോഡ | 20.03.2020 | 2697942 | 20.03.2023 |

## 4-7 ഓഡിറ്റ് റിക്കവറി

| ക്രമനം | ഓഡിറ്റ് റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | തുക ഒടുക്കിയാളുടെ പേരും ഉദ്യോഗപ്പേരും | രസീത് നം/തീയതി |
|---|---|---|---|---|---|
| 1 | 2016-17 | 2.11 | 5500 | | 120060102823/12.06.2020 |
| 2. | 2018-19 | 2.1 | 3976 | ശ്രീമതി. ഷീല, അസി. എഞ്ചിനീയർ | 120060102823/12.06.2020 |

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3.18 | 2016-19 | 61 | വിവിധ റോഡ് പണികൾക്കായി കുഴിച്ചെടുത്ത മണ്ണ് ഉപയോഗയോഗ്യമല്ലെന്ന് എഞ്ചിനീയർ സാക്ഷ്യപ്പെടുത്താത്തതിനാൽ നിറക്കുന്നതിനാവശ്യമായി വരുന്ന മണ്ണിന്റെ അളവ് കുറയ്ക്കാതെ കോൺട്രാക്ടർക്ക് 7990/- രൂപ അധികം നൽകി | സർക്കാർ സാധൂകരണത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2002-03 | 3.15 | 2016-19 | 78 | സാങ്കേതികാനുമതി വാങ്ങാതെ നടത്തിയ മരാമത്ത് പ്രവൃത്തികൾ – ഗുരുതരമായ ക്രമക്കേട് | നടപടിക്രമങ്ങൾ പാലിക്കുന്നതിൽ ജാഗ്രത പുലർത്തണമെന്ന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്. |
| 2002-03 | 3.25(1)(2) | 2016-19 | 80 | ടെണ്ടർ നിരക്കുകൾ തിരുത്തി- പഞ്ചായത്തിന് നഷ്ടം | ഇത്തരത്തിലുള്ള പിഴവുകൾ ആവർത്തിക്കരുതെന്ന കർശന നിർദ്ദേശത്തോടെ ഓഡിറ്റ് തടസ്സം ഒഴിവാക്കാൻ സമിതി ശിപാർശ ചെയ്തിട്ടുള്ളതാണ്. |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പെടെ) | 209913432 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 165582366 |
| വരവിനങ്ങളിലുള്ള നഷ്ടം | - |

| | |
|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 3860721 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| NIL | | |

**(സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-23 | 3860721 | ശ്രീ.അനിൽ കുമാർ ആർ.എസ്, സെക്രട്ടറി |

**(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

NIL

**(ഇ) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

NIL

**(എഫ്)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

NIL

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം, ഖണ്ഡിക നമ്പർ | റിമാർക്ക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1203/2001 തീയതി 08.12.2015 | 3 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.2/304/2006 തീയതി 31.05.2006 | 12 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1183/2008 തീയതി 02.06.2011 | 7 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1184/2009 | 7 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.2/833/2009 | 7 | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1839/2009 | 9 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.2/523/2010 തീയതി 23.03.2012 | 32 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.2/1914/2013 തീയതി 29.11.2013 | 12 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.2/341/2013 തീയതി 04.06.2013 | 14 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.2/2409/2013 തീയതി 06.04.2015 | 9 | |
| 2012-13 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 5 | |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 6 | |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/1125/2018 തീയതി 06.06.2018 | 15 | |
| 2015-16 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 2/2167/2016 തീയതി 26.12.2016 | 23 | |
| 2016-17 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 02/969/2017 തീയതി 11.10.2017 | 23 | |
| 2017-18 | കെ.എസ്.എ.റ്റി.വി.എം.ജി.പി. 02/2623/2018 തീയതി 09.07.2019 | 15 | |
| 2018-19 | കെ.എസ്.എ.റ്റി.വി.എം.ജി.പി.2/1821/19 തീയതി 23.03.2021 | 20 | |

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

**അനുബന്ധം-1**

**ഓഡിറ്റ് സാക്ഷ്യപത്രം**

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**<u>അനുബന്ധം-2</u>**

**<u>ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം</u>**

തിരുവനന്തപുരം ജില്ലയിലെ വെള്ളറട ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്